# The Anticipatory View and the Reflective Experience in Travel Writing

**Dr. Ajitha Chemban**

Travel is something intimately connected with joy and emotional fulfilment. The motivations for travel are deeply personal, yet each journey inevitably reflects multiple dimensions such as landscape, human life, local history, and cultural symbols. Travel writing, therefore, becomes both a record of the traveller's encounters and a reflection of their perceptions. By analysing the traveller's gaze and perspective, one may uncover the underlying ideological or political positioning of a text. In examining travel writing, it is essential to consider several foundational aspects: the purpose of travel, the type of journey undertaken, and the identity of the traveller. Prior to the journey, certain preconceptions are often formed—through inquiry, prior reading, or cultural imagination—that shape the decision to visit a particular place. These preliminary impressions constitute the anticipatory view, which often serves as the initial stimulus for travel. The experiences during the journey may align with, or diverge from, this anticipatory vision. Subsequently, when the traveller narrates and interprets his experiences, a reflective gaze emerges—one that is often reshaped by the lived reality of travel. The reflective gaze may differ greatly. The critical task in analysing travel narratives is to explore the tension between the anticipatory view and the reflective gaze, as it is within this dialectic that the narrative structure of the text is shaped.

Through travel writing, a single place may be represented in multiple, even conflicting,ways. This study seeks to investigate how such contradictions between expectation and reflection shape the narrative construction of travel texts, with special reference to O. K. Johny's *Bhutan Dinangal.*

**Key words:** View, Gaze, Space, Experience, Cultural imprint, Identity, Representation, Anticipatory vision, Reflective gaze.

## Bibliography

Eric Prieto (2012). *Literature, Geography, and the Postmodern Poetics of Place*, New York: Palgrave , Macmillan

George,K.M.(Ed.).(1988). *Aadhunikamalayala Saahithya Charithram Prasthaanangaliloote.* Kottayam: D.C.Books.

Hakim,A.K.(Dr.).(2022).*African Yathrakalute Samskarika Doorangal*, Thiruvananthapuram: Kerala Bhasha Institute.

Hendrie Lefebvre (1991). *The Production of Space*. USA: Black Well Publishing.

John Urry, Jonas Larsen. (2011). *The Tourist Gaze Edition 3*. London: Sage Publication Limited.

Johny, O. K. (2019). *Bhutan Dinangal*. Kozhikode: Mathrubhumi Books.

Narayanan,Aju.K.(Ed.).(2017). *Thakkolvakkukal Vichaaramaathrukakal Keraleeyanottangal*. Aluva: Vidwan P. G. Nair Smaraka Gaveshana Kendram. Department of Malayalam, U.C. College.

Rajani,N.(Dr.)(Ed.).(2020).*Sahithyavum Saamskaarika Bhumisasthravum*, Kozhikode: Insight Publica.

Ricoeur Paul.(1984). *Time and Narrative Vol 1.* Chicago: University of Chicago Press.

Savitha,E.(Ed.).(2017). *Yathra Anubhavam, Aakhyanam, Samskaram, Vipananam*,.Payyannur: Pustaka Bhavan.

Thankachan,K.J.(2016).*Yaathrikam:Charithravum,Darshanavum,Sannahavum, Sanchaaravum*. Kottayam: Sahithya Pravarthaka Sahakarana Sangham.

**Dr Ajitha Chemban**
Professor
Department.of Malayalam,
Government Brennen college
Thalassery
Pin: 670106
Email: 1973ajitha@gmail.com
Ph: +91 9995566803
ORCiD: 0000-0002-2247-7411

*Ishal Paithrkam, Peer-Reviewed, Issue-47, September 2026*

# യാത്രയെഴുത്തിലെ പ്രതീക്ഷിത കാഴ്ചയും പ്രതിഫലിത നോട്ടവും

**ഡോ. അജിത ചേമ്പൻ**

യാത്ര എന്നത് ഹൃദയാനന്ദവുമായി ബന്ധപ്പെട്ട ഒന്നാണ്. യാത്രാതാല്പര്യങ്ങൾ തികച്ചും വൈയക്തികവുമാണ്.ഭൂപ്രകൃതി,ജനജീവിതം,ദേശചരിത്രം, സാംസ്കാരികചിഹ്നങ്ങൾ തുടങ്ങിയ ധാരാളം ഘടകങ്ങൾ ഉൾക്കൊള്ളുന്നതും യാത്രികന്റെ അനുഭവങ്ങളും നോട്ടവും പ്രതിഫലിപ്പിക്കുന്നതുമാണ് ഓരോ യാത്രയെഴുത്തും. യാത്രികന്റെ കാഴ്ചയും കാഴ്ചപ്പാടും വിശകലനം ചെയ്യുന്നതിലൂടെ കൃതിയുടെ രാഷ്ട്രീയമെന്തെന്ന് കണ്ടെത്താനാവും. യാത്രയെഴുത്ത് വിശകലനം ചെയ്യുമ്പോൾ യാത്രാലക്ഷ്യം, ഏതുതരം യാത്ര, യാത്രികൻ ആര്? എന്ന് തുടങ്ങിയ നിരവധി ഘടകങ്ങൾ അടിത്തറയാക്കേണ്ടതുണ്ട്. പൂർവ്വധാരണകളിൽ നിന്ന് രൂപപ്പെടുന്ന ചില ആശയങ്ങളാണ് യാത്രയ്ക്കായി ഒരു സ്ഥലം തെരഞ്ഞെടുക്കുന്നതിനാധാരം.യാത്രയ്ക്ക് മുമ്പ് പൂർവ്വധാരണ രൂപപ്പെടുത്താനായി ആ പ്രദേശത്തെക്കുറിച്ച് ചോദിച്ചറിയുകയോ വായിച്ചറിയുകയോ ചെയ്യുക എന്നത് സ്വാഭാവികമാണ്. ഇങ്ങനെ രൂപപ്പെട്ട പ്രതീക്ഷിത കാഴ്ച (Antcipatory view)യാണ് യാത്രയ്ക്കുള്ള പ്രചോദനം.യാത്രയ്ക്കിടയിലുണ്ടാകുന്ന അനുഭവങ്ങൾ പ്രതീക്ഷിത കാഴ്ചയ്ക്ക് സമാനമോ വ്യത്യസ്തമോ ആകാം. യാത്ര കഴിഞ്ഞ് തന്റെ അനുഭവങ്ങൾ ആഖ്യാനം ചെയ്യുമ്പോഴുള്ള പ്രതിഫലിത നോട്ടം (reflective gaze) ഏറെ വ്യത്യസ്തമാകാനിടയുണ്ട്. യാത്രയെഴുത്തിനെ അപഗ്രഥിക്കുമ്പോൾ വിശകലനം ചെയ്യേണ്ടത് ഇവ തമ്മിലുള്ള സം

ഘർഷമാണ്. യാത്രയെഴുത്തുകളിലൂടെ ഒരേ സ്ഥലത്തിന് വ്യത്യസ്ത അസ്തിത്വങ്ങളാണ് നിർമ്മിക്കപ്പെടുന്നത്. പ്രതീക്ഷിത കാഴ്ചയും പ്രതിഫലിത നോട്ടവും തമ്മിലുള്ള വൈരുദ്ധ്യം കൃതിയുടെ ആഖ്യാനത്തെ രൂപപ്പെടുത്തിയത് എങ്ങനെ എന്ന് ഒ. കെ. ജോണിയുടെ *ഭൂട്ടാൻ ദിനങ്ങൾ* എന്ന കൃതിയെ മുൻനിർത്തി അന്വേഷിക്കുകയാണിവിടെ.

**താക്കോൽ വാക്കുകൾ:** കാഴ്ച, നോട്ടം, ഇടം, അനുഭവ ദൃഷ്ടി, സാംസ്കാരികമുദ്ര, സ്വത്വം, പ്രതിനിധാനം, പ്രതീക്ഷിത കാഴ്ച, പ്രതിഫലിത നോട്ടം.

നോവൽ, കഥ, കവിത തുടങ്ങിയവയിൽ നിന്ന് ഏറെ വ്യത്യസ്തമായ ആഖ്യാനമാണ് യാത്രയെഴുത്ത്. സ്ഥലം, ജനജീവിതം, രാഷ്ട്രീയ-ഭൗതിക സവിശേഷതകൾ ഇവയെല്ലാം ചേർന്നു രൂപപ്പെടുന്ന സാംസ്കാരിക ഇടമാണ് യാത്രയെഴുത്തിലൂടെ വായനക്കാരൻ അനുഭവിച്ചറിയുന്നത്. ഒരു പ്രത്യേക പ്രദേശത്തെക്കുറിച്ച് പല കാലങ്ങളിലായി കേട്ടതും വായിച്ചറിഞ്ഞതുമായ വ്യത്യസ്ത കാഴ്ചപ്പാടുകൾ സ്വാംശീകരിച്ചു കൊണ്ടാണ് ഒരു വ്യക്തി യാത്രാലക്ഷ്യം തീർച്ചപ്പെടുത്തുന്നത്. താൻ വായിച്ച കൃതികൾ, പല കാലങ്ങളിലായി കണ്ട ഡോക്യുമെന്ററി, സിനിമ തുടങ്ങിയവ, സുഹൃത്തുക്കളിൽ നിന്ന് ലഭിച്ച വിവരങ്ങൾ എല്ലാം ചേർന്ന് രൂപപ്പെടുത്തിയ പ്രതീക്ഷിത കാഴ്ച (Antcipatory view)യുമായാണ് യാത്ര തുടങ്ങുന്നത്. ഏതൊക്കെ സ്ഥലങ്ങൾ കാണണം, അവയ്ക്കുവേണ്ടി ചെലവഴിക്കേണ്ട സമയം, വേണ്ട തയ്യാറെടുപ്പുകൾ എന്നിവയൊക്കെ തീരുമാനിക്കപ്പെടുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്. “മനുഷ്യർ ലോകത്തെ നോക്കുന്നത് ഒരു പ്രത്യേക ‘ഫിൽട്ടർ’ മുഖേനയാണ്. ആശയങ്ങൾ, കഴിവുകൾ, ആഗ്രഹങ്ങൾ, പ്രതീക്ഷകൾ എന്നിവയുടെ ചട്ടക്കൂടിൽ വർത്തിച്ചുകൊണ്ട് സാമൂഹികവർഗ്ഗം, ലിംഗഭേദം, ദേശീയത, പ്രായം, വിദ്യാഭ്യാസം ഇവയുടെ സ്വാധീനത്താൽ രൂപപ്പെടുന്നഒന്നാണ് ഓരോ വ്യക്തിയും കാണുന്ന ലോകം.നോട്ടം (gaze) എന്നത് ലോകത്തെ പ്രതിഫലിപ്പിക്കാൻ മാത്രമല്ല ക്രമീകരിക്കുകയും രൂപപ്പെടുത്തുകയും വർഗ്ഗീകരിക്കുകയും ചെയ്യുന്നതു കൂടിയാണ്” (John Urry, Jonas Larsen, 2011:2). യാത്രയ്ക്കിടെ ഉണ്ടാകുന്ന അനുഭവങ്ങളിലൂടെ രൂപപ്പെടുന്ന കാഴ്ചപ്പാടുകൾ ആണ് പ്രതിഫലിത നോട്ട (Reflective gaze) മായി കൃതിയിലൂടെ അനുഭവപ്പെടുത്തുന്നത്. വ്യക്തിസത്ത, രാഷ്ട്രീയ ബോധ്യങ്ങൾ, സാംസ്കാരിക ചിന്തകൾ, സാമൂഹിക ധാരണകൾ എന്നിങ്ങനെ വ്യത്യസ്ത മാനദണ്ഡങ്ങളുപയോഗിച്ചുള്ള വിശകലനത്തിലൂടെ ഉണ്ടായിത്തീ

രുന്ന ഒരു ഇടമാണ് യാത്രയെഴുത്തിൽ ആവിഷ്ക്കരിക്കപ്പെടുന്നത്. ഈ പ്രതിഫലിത നോട്ടം വായനക്കാർ അനുഭവിക്കുന്നത് എങ്ങനെ എന്നതും പ്രധാനമാണ്. ഒരു പ്രദേശത്തെ അറിയുക എന്നതിലപ്പുറം ആ പ്രദേശത്തെ അനുഭവിപ്പിക്കുക എന്ന ധർമ്മമാണ് പ്രതിഫലിത നോട്ടം സാധ്യമാക്കുന്നത്.

യാത്രാമുന്നൊരുക്കത്തിനിടയിൽ ആർജ്ജിക്കുന്ന വിവരങ്ങളിൽ നിന്നും ആ പ്രദേശത്തിന്റെ ഭൗതിക സാഹചര്യത്തെയും സവിശേഷതകളെയും കുറിച്ച് നിരവധി ധാരണകൾ രൂപപ്പെടുകയും അവയുടെ അടിസ്ഥാനത്തിൽ സ്ഥലത്തെ അനുഭവിക്കാനുള്ള ശ്രമം നടക്കുകയും ചെയ്യും. പ്രായം, തൊഴിൽ, സാംസ്കാരിക സങ്കല്പങ്ങൾ തുടങ്ങിയ ഘടകങ്ങളെ കേന്ദ്രമാക്കിയുള്ള കാഴ്ചയാണ് യാത്രികനുണ്ടാകുന്നത്. അത് പ്രതീക്ഷിത കാഴ്ചയോട് സമരസപ്പെട്ടുപോവണമെന്നില്ല. ഒരു വ്യക്തിയുടെ സാംസ്കാരിക ഇടമല്ല മറ്റൊരാളുടേത്. ഇത് എഴുത്തിനകത്ത് സംഘർഷമായി പ്രതിഫലിപ്പിക്കപ്പെടുന്നു. ഒ.കെ. ജോണിയുടെ *ഭൂട്ടാൻ ദിനങ്ങൾ* എന്ന യാത്രയെഴുത്തിൽ ഇത്തരമൊരു സംഘർഷമാണ് പ്രതിഫലിത നോട്ടമായി വെളിപ്പെടുന്നത്. 'മതേതരത്വജനാധിപത്യ രാജ്യമായ' ഇന്ത്യയിൽ നിന്നും 'രാജഭരണം നിലനിൽക്കുന്ന ബുദ്ധിസ്റ്റ് രാജ്യമായ' ഭൂട്ടാനിലേക്കുള്ള യാത്ര ആരംഭിക്കുന്ന ഘട്ടത്തിൽ വ്യത്യസ്തവും സവിശേഷവുമായ ഒരു സ്ഥലത്തെക്കുറിച്ചുള്ള ആകാംക്ഷയാണ് മുന്നിട്ട് നിൽക്കുന്നത്. ബഗ്ദോഗ്രയിൽ നിന്ന് ഭൂട്ടാനിലേക്കുള്ള യാത്രയെക്കുറിച്ച് വിവരിച്ച്കൊണ്ടുള്ള തുടക്കം തന്നെ ഇത് വ്യക്തമാക്കുന്നു. ജനാധിപത്യ ഇന്ത്യയിൽ നിലനിൽക്കുന്ന ദരിദ്രാവസ്ഥയും ഭൗതികസാഹചര്യങ്ങളുടെ പിന്നോക്കാവസ്ഥയും കാണുമ്പോൾ പ്രതീക്ഷയിൽ നിറയുന്നത് അതിനപ്പുറമുള്ള സുന്ദരമായ ഏക ബുദ്ധിസ്റ്റ് രാജ്യത്തെകുറിച്ചുള്ള കൗതുകമാണ്. സാംസ്കാരിക സാഹചര്യങ്ങളുടെ താരതമ്യം ഇവിടെ കാണാവുന്നതാണ്. ബഗ്ദോഗ്രയിൽ നിന്ന് ഭൂട്ടാൻ കവാടമായ ഫുൺഷോലിങ്ങിൽ എത്തുമ്പോൾ അനുഭവിക്കുന്ന സന്തോഷവും സ്വസ്ഥതയും ഇതാണ് വ്യക്തമാക്കുന്നത്. എൺപതുകളുടെ ഒടുക്കം വരെ ഇന്ത്യയിലെ ഒരാദിവാസിഗ്രാമം പോലെ അവികസിതമായിരുന്ന ഒരു രാജ്യം ആധുനിക പരിഷ്കൃതിയിലേക്ക് ചുവടുവെക്കുന്നതിന്റെ പ്രത്യക്ഷമാതൃകകളായ നാഗരികാഡംബരങ്ങൾ പ്രകടമായുള്ള തിമ്പുവും പാരോയും; ഇന്ത്യയോട് ചേർന്നു നിൽക്കുന്ന ഫുൺഷോലിങ്ങും ഉൾപ്പെടുന്ന ഭൂട്ടാന്റെ പ്രധാന നഗരങ്ങളിലൂടെയും പ്രധാന ഭരണസിരാകേന്ദ്രങ്ങളിലൂടെയും ഗ്രാമാന്തരങ്ങളിലൂടെയും നടത്തിയ യാത്രയാണ് *ഭൂട്ടാൻ*

*ദിനങ്ങൾ* (2014). വായിച്ച ഗ്രന്ഥങ്ങളിലൂടെ ഭൂട്ടാനെകുറിച്ച് മനസ്സിലാക്കിയ വസ്തുതകൾ പലതും യാത്രികന്റെ പ്രതീക്ഷിത കാഴ്ചയെ രൂപപ്പെടുത്തിയിട്ടുണ്ട്.

വാങ്ചുക് രാജവംശത്തിലെ നാലാം രാജാവിന്റെ പത്നി അഷി ദോർജി വാങ്മോ വാങ്ചുക് എഴുതിയ *ട്രെഷേഴ്സ് ഓഫ് ദ തണ്ടർ ഡ്രാഗൺ,* ആഷ്‌ലി ഈഡൻ എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥന്റെ കുറിപ്പുകൾ, ടൊറന്റോയിൽ നിന്നുള്ള ജാമി സെപ്പയുടെ *ബിയോണ്ട് ദ സ്കൈ ആന്റ് ദ എർത്ത്,* ജോൺ എലിയട്ട് (ഭൂട്ടാന്റെ ആളോഹരി ആനന്ദം എന്ന ദർശനം ലോകശ്രദ്ധയിലേക്ക് കൊണ്ടുവന്ന ഫിനാൻഷ്യൽ ടൈംസിന്റെ പ്രതിനിധി) എഴുതിയ The modern path to Enlightment എന്ന ലേഖനം, കീത്ത് ഡോമൻ തിബത്തൻ ഭാഷയിൽ നിന്ന് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ *ദ ഡിവൈൻ മാഡ്മാൻ* എന്ന കൃതി (ലാമ ഡ്രുക്പെ കുൻലെയെ തിബത്തിനു പുറത്ത് ശ്രദ്ധേയനാക്കിയ കൃതി), ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റി പ്രസ് പ്രസിദ്ധീകരിച്ച മൈക്കൽ ഹൂട്ടിന്റെ *Unbecoming Citizens,* ഭൂട്ടാനിൽ നിരവധി വർഷം അധ്യാപകനും വിദ്യാഭ്യാസവകുപ്പിലെ ഡയരക്ടറുമായിരുന്ന മലയാളി എഴുത്തുകാരൻ ജി. ബാലചന്ദ്രന്റെ നോവലുകൾ, ഭൂട്ടാൻ ലോട്ടറി അഴിമതിക്കേസുമായി ബന്ധപ്പെട്ട വാർത്തകൾ എന്നിങ്ങനെ വ്യത്യസ്ത വിവരണങ്ങളിലൂടെ രൂപപ്പെട്ടതാണ് യാത്രികന്റെ പ്രതീക്ഷിത കാഴ്ച. യാത്രയ്ക്കിടയിൽ കൂട്ടുകാരായ എബിയും ജെയിംസും വഴിയിൽ നിന്ന് പരിചയപ്പെട്ട ലാമമാരും പറഞ്ഞ കാര്യങ്ങളും കാഴ്ചയെ സ്വാധീനിച്ചിട്ടുണ്ട്.വായനയിലൂടെയും കേട്ടറിവിലൂടെയും മനസ്സിലാക്കിയ ഭൂട്ടാനിലേക്കാണ് യാത്രികൻ സഞ്ചരിച്ചത്. ബുദ്ധതത്ത്വങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ശാന്തസുന്ദരമായി ജീവിക്കുന്ന ജനത എന്ന ചിന്തയും വായനയിലൂടെ അറിഞ്ഞ ചില ആശങ്കകളും പ്രതീക്ഷിത കാഴ്ചയെ രൂപപ്പെടുത്തി. നേപ്പാളി വംശജർ അനുഭവിക്കുന്ന വിവേചനം, രാജഭരണവുമായി ബന്ധപ്പെട്ടവർ നടത്തുന്ന അധികാര കൈകടത്തലുകൾ, അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള വിലക്കുകൾ ഇങ്ങനെ ചില സന്ദേഹങ്ങൾ കൂടി പ്രതീക്ഷിത കാഴ്ചയാവുന്നുണ്ട്.എന്നാൽ സവിശേഷ സാസ്കാരിക ഇടമായി ഭൂട്ടാനെ വിലയിരുത്തുന്നു എന്നതു തന്നെയാണ് പ്രതീക്ഷിത കാഴ്ചയിൽ പ്രധാനം.യാത്രയെഴുത്തിന്റെ തുടക്കത്തിൽ തന്നെ ഇന്ത്യയിൽ നിന്ന് ഭൂട്ടാനിലേക്കുള്ള യാത്രയെക്കുറിച്ച് വിവരിച്ച ഭാഗം തൊട്ട് പലയിടങ്ങളിലായി പ്രതീക്ഷിത കാഴ്ചയിലുള്ള തൃപ്തിയും സന്തോഷവും വിവരണങ്ങളിൽ പ്രകടമാണ്. എന്നാൽ ദിവസങ്ങൾ പിന്നിടു

മ്പോൾ ഭൂട്ടാനിലുള്ളതും കൂടുതൽ ചർച്ചചെയ്യപ്പെടാത്തതുമായ പലതും നോട്ടത്തിൽ പതിയുന്നു.സ്വദേശവുമായുള്ള താരതമ്യവും രാഷ്ട്രീയ സാഹചര്യങ്ങൾ തമ്മിലുള്ള വ്യത്യാസവും ഗ്രാമീണ ജീവിതവുമൊക്കെയാണ് പ്രതിഫലിത നോട്ടമായി രേഖപ്പെടുത്തുന്നത്. ഭൂട്ടാൻ എന്ന സാസ്കാരിക ഇടത്തെക്കുറിച്ചുള്ള ആശങ്കകളും പ്രതീക്ഷകളും ഇതിൽ നിന്നും വ്യക്തമാകുന്നു.

**മുൻധാരണകളെ തൃപ്തിപ്പെടുത്തുന്ന കാഴ്ചാനുഭവങ്ങൾ**

ബഗ്ദോഗ്ര എന്ന 'ഇടത്തരം പട്ടണ ബസ്സ്സ്റ്റാന്റു പോലെ അലങ്കോലമായ എയർപോർട്ടി'(ഒ.കെ.ജോണി, 2019: 15)ലെ ആർത്തിപൂണ്ട ടാക്സി ഡ്രൈവർമാരിൽ നിന്ന് രക്ഷപ്പെടാനുള്ള വ്യഗ്രതയോടെ നിൽക്കുമ്പോഴാണ് സിലിഗുരിയിലേക്ക് തിരിച്ചു പോകുന്ന ജോസഫിന്റെ ടാക്സി കാർ കാണുന്നത്. അതിൽ യാത്ര ചെയ്യാൻ തീരുമാനിക്കുന്നതു തന്നെ 'യാത്രയുടെ സൗകര്യവും സ്വകാര്യതയും' മുൻനിർത്തിയാണ്. മെയ്മാസാന്ത്യത്തിലെ മഴയുടെ അകമ്പടിയോടെ തുടങ്ങുന്ന യാത്രയിൽ സ്വപ്നവും പ്രതീക്ഷയും അമർഷവും പേറുന്ന മനുഷ്യരെയും സുന്ദരപ്രകൃതിയെയും അടുത്തറിയാനുള്ള അവസരങ്ങൾ ഉണ്ടാക്കിയെടുത്തതായി കാണാം.ഇന്ത്യൻ അതിർത്തിഗ്രാമങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ നേരിൽ കണ്ടതുകൊണ്ടുണ്ടായ നിരാശയും രാജ്യത്തെക്കുറിച്ചുള്ള ആത്മവിമർശനവും ഭൂട്ടാന്റെ പ്രവേശനകവാടത്തിലെത്തുംവരെ അസ്വാസ്ഥ്യമായി കൊണ്ടു നടക്കുകയും ചെയ്യുന്നു. 'ജനാധിപത്യ ഇന്ത്യയിലെ ഒരു പൗരൻ രാജഭരണം പൂർണ്ണമായി അവസാനിച്ചിട്ടില്ലാത്ത ഹിമാലയൻ ബുദ്ധിസ്റ്റ് രാജ്യത്തേക്ക് കടക്കുമ്പോൾ ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദത്തെക്കുറിച്ചു തന്നെയാണ് ഓർക്കുന്നത്.ജനങ്ങളുടെ വൃത്തിബോധം, ജനത്തിരക്ക്, പെരുമാറ്റരീതികൾ എന്നിങ്ങനെ പലതുകൊണ്ടും ഇന്ത്യയിൽ നിന്നും വ്യത്യസ്തമാണ് ഭൂട്ടാൻ എന്നതാണ് പ്രതീക്ഷിത കാഴ്ച .പല സവിശേഷതകൾ കൊണ്ടും നമ്മളിൽ നിന്ന് (ഇന്ത്യക്കാരിൽ നിന്ന്) വ്യത്യസ്തരാണ് ഭൂട്ടാൻ ജനതയെന്ന് ഫുൺഷോലിങ്ങ് എന്ന അതിർത്തിനഗരത്തിൽ വെച്ച് തന്നെ ഉറപ്പിക്കുന്നു. നേപ്പാളി വംശജർ ഭൂരിപക്ഷവും ഭൂട്ടാനികൾ ന്യൂനപക്ഷവുമായ ഫുൺഷോലിങ്ങിനെക്കുറിച്ചുള്ള വിവരണം ഇങ്ങനെയാണ്. "പുറമേ നിന്ന് നോക്കുമ്പോൾ കാണുന്ന അതിന്റെ സവിശേഷമായ നഗരാകൃതി തന്നെയും നമുക്കന്യമായ ഒരപൂർവ്വ സംസ്കൃതിയുടെ പ്രത്യക്ഷമാണ്.ചിട്ടയൊപ്പിച്ച് സംവിധാനം ചെയ്ത തെരുവുകളും ഭൂട്ടാൻ പിൽക്കാലത്ത് കടമെടുത്ത തിബത്തൻ വാസ്തുനിർമ്മാണ ശൈലിയനുസരിക്കുന്ന ചിത്രാലംകൃ

തമായ ഗൃഹനിർമ്മിതിയും കച്ചവടപ്പീടികകളും ബൗദ്ധസ്തൂപങ്ങളും വെള്ളയും കാവിച്ചുവപ്പുമടിച്ച ക്ഷേത്രാകാരങ്ങളും ബുദ്ധമന്ത്രങ്ങളെഴുതിയ വർണ്ണപതാകകളും പ്രാർഥനാചക്രങ്ങളും ഉൾവിലക്കുകളില്ലാതെ അപരിചിതരോടുപോലും ലിംഗഭേദമില്ലാതെ പെരുമാറുന്ന പ്രസാദഭരിതരായ മനുഷ്യരും തീക്ഷ്ണവർണ്ണങ്ങളിൽ ശ്രദ്ധയാകർഷിക്കുന്ന അവരുടെ പരമ്പരാഗത വസ്ത്രരീതിയും ആ വിശേഷ സംസ്കൃതിയിലേക്കുള്ള ആദ്യ സൂചകങ്ങളാണ്"(25). ഇവിടെ ഭൂട്ടാൻ എന്ന പ്രതീക്ഷിത സാംസ്കാരിക ഇടം ആണ് യാത്രികന്റെ കാഴ്ചയെ തൃപ്തിപ്പെടുത്തുന്നത്. സവിശേഷ സംസ്കാരത്തിന്റെ മുദ്രകളായ കോട്ടകളും ആരാധനാലയങ്ങളും കാണാനുള്ള താല്പര്യം യാത്രയിലുടനീളം കാത്തുസൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഇമിഗ്രേഷൻ ഓഫീസറെ കാത്തുനിൽക്കുന്ന ഇടവേളയിൽ ഏതാണ്ട് വൈകുന്നേരം വരെയുള്ള സമയം നഗരപ്രദക്ഷിണം ചെയ്തതിനെക്കുറിച്ച് "ഭൂട്ടാൻ സംസ്കൃതിയെക്കുറിച്ച് അറിയാൻ ശ്രമിക്കുന്നവർക്ക് ഫുൺഷോലിങ് അത്രയധികം സവിശേഷതയുള്ള ഒരിടമല്ല(26) എന്ന് പറയുന്നതിലൂടെ യാത്രികന്റെ ആകാംക്ഷയെ പൂർത്തീകരിക്കുന്ന സാംസ്കാരികമുദ്രകൾ പ്രവേശന നഗരമായ ഫുൺഷോലിങ്ങിൽ അത്രയധികം ഇല്ലായിരുന്നു എന്ന് വ്യക്തമാക്കുന്നു. എന്നാൽ യാത്ര പുരോഗമിക്കുമ്പോൾ സാംസ്കാരികമുദ്രകളായ പലതും താത്പര്യത്തോടെ നോക്കിക്കാണുകയും അവയുമായി ബന്ധപ്പെട്ട മിത്തുകളും വിശ്വാസങ്ങളും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ടെന്ന് കാണാം.

ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശമുൾക്കൊള്ളുന്ന ബുദ്ധമതത്തിന്റെ വ്യത്യസ്തധാരകൾക്ക് പ്രാധാന്യമുള്ള ഒരിടമാണ് ഭൂട്ടാൻ.തിരക്കും ബഹളവുമില്ലാത്തതും ശാന്തസുന്ദരവും പ്രകൃതിരമണീയവും ആയ ഒരു ഇടം. പ്രകൃതി സുന്ദരമായ ഡോച്ചുലാ പാസും അവിടെയുള്ള ചോർട്ടനുകളും അവയെക്കുറിച്ചുള്ള വിശ്വാസങ്ങളും വിശദമായി വർണ്ണിക്കുന്നതിപ്രകാരമാണ്. "വാഹനശബ്ദം നിലച്ചപ്പോൾ കാതിലലച്ചത് കാറ്റുപിടിച്ച പ്രാർത്ഥനാ പതാകകളുടെ പടഹധ്വനിയാണ്. ഒരു യുദ്ധസ്മാരകത്തിനു ചേർന്ന പശ്ചാത്തലഘോഷം.നൂറുകണക്കിന് നീളൻ കൊടി മരങ്ങളിലുയർത്തിയ പ്രാർഥനാപതാകകളുടെ പല വർണങ്ങൾ ആകാശത്തിന്റെ സദാ മാറിക്കൊണ്ടിരിക്കുന്ന വർണരാശികളുമായിച്ചേർന്നു സൃഷ്ടിക്കുന്ന കൊളാഷ്. ഡോച്ചുലായിലെന്ന പോലെ ഭൂട്ടാനിലെ പ്രകൃതിയിലെവിടെയും ഹൃദ്യമായൊരു കാഴ്ചയാണ്"(88). ഡോച്ചു ലായിൽ നിന്ന് ദൂരക്കാഴ്ചയായുള്ള ഹിമാലയൻ ദൃശ്യങ്ങൾ റോറിച്ച്

ചിത്രം പോലെയാണ് (88) യാത്രികൻ അനുഭവിച്ചത്.ഇത്തരത്തിൽ കുന്നും മലകളും വിജനമായ മലമ്പാതകളും അപൂർവ്വം ചെറുപട്ട ണങ്ങളുമുള്ള ഭൂട്ടാന്റെ ഭൗതിക പ്രകൃതിയെ ആനന്ദകരമായ കാഴ്ച യായിട്ട് കൃതിയിലുടനീളം പരാമർശിക്കുന്നുണ്ട്. പ്രതീക്ഷിത കാഴ് ചയിൽ നിന്നുതന്നെ വശ്യമോഹനമായ ഒരിടമാണ് ഭൂട്ടാൻ എന്ന് തീർച്ചയാക്കുകയും യാത്രയിലുടനീളം അത് അനുഭവിച്ചറിയാൻ ക ഴിഞ്ഞതിന്റെ സന്തോഷവും ഇത്തരം വിവരങ്ങളിലൂടെ പ്രതിഫലി ക്കുന്നുണ്ട്.

തിബത്തിലെ ബുദ്ധമതത്തിൽ നിന്നും ഉൾക്കൊണ്ട വാസ് തുവിദ്യയാണ് ഭൂട്ടാനിൽ ഉടനീളം കാണാനാവുന്നത്. പ്രാർത്ഥനാ ലയങ്ങളായ ലഖാങ്ങുകളും ദ്സോങ്ങുകൾ എന്നറിയപ്പെടുന്ന കോട്ട കൊത്തളങ്ങളും ചോർട്ടനുകൾ എന്നറിയപ്പെടുന്ന സ്മാരക സ്തൂ പങ്ങളുമാണ് ഭൂട്ടാന്റെ സാംസ്കാരിക പ്രത്യക്ഷങ്ങൾ. 'ടകിനു'കൾ ക്കായുള്ള മൊതിതാങ് വന്യജീവി കേന്ദ്രം, ആയിരം കൈകളും പ തിനൊന്നു ശിരസ്സുകളുമുള്ള അവലോകിതേശ്വരപ്രതിഷ്ഠയുള്ള ച ങ്കാംഖ ലഖാങ്(തിമ്പു), പുരാതനമായ സിംടോക്ക ദ്സോങ്(തി മ്പു), ക്യൂൻസെൻ ഫൊദ്രാങ്ങിലെ 1690 അടിയുള്ള ധ്യാനബുദ്ധൻ, ഡോച്ചു ലായിലെ ചോർട്ടനുകൾ, ഡ്രുക് വാങ്ഗ്യാൽ ലഖാങ് എ ന്ന സമീപകാല ബുദ്ധവിഹാരം, ലാമ ഡ്രുക്പ കുൻലെയെ ആരാ ധിക്കുന്ന ചിമി ലഖാങ്(കുർത്താങ്), വാങ്ചുക് രാജകുടുംബത്തി ന്റെ ആസ്ഥാനമായ ത്രോങ്സ ദ്സോങ്, ജാക്കറിലെ ജാക്കർ ദ് സോങ്, ഗുരുപത്മസംഭവയുടെ സാന്നിധ്യത്താൽ പവിത്രമാക്കപ്പെ ട്ട കുർജെ ലഖാങ്(ചോക്കർ താഴ്വര), വാങ്ചുക് രാജവംശത്തി ന്റെ സ്ഥാപകനായ ഉഗ്യേൻ വാങ്ചുക് ജനിച്ച വാങ്സി ചോലിങ് പാലസ്(ചോക്കോർ താഴ്വര),ഡ്രുക്ഗ്യേൽ ദ്സോങ്(പാരോ),പാ രോയിലെ ഏറ്റവും പഴക്കമേറിയ ബുദ്ധമതക്ഷേത്രമായ കിയ്ച്ചു ല ഖാങ് തുടങ്ങി നിരവധി സാംസ്കാരിക മുദ്രകളുടെ കാഴ്ചാനുഭവ ങ്ങളാണ് യാത്രയെഴുത്തിൽ വിവരിക്കുന്നത്. പ്രതീക്ഷിത കാഴ്ച യെ തൃപ്തിപ്പെടുത്തുന്നവയാണ് ഇവയെല്ലാം തന്നെ. സാംസ്കാ രിക മുദ്രകളുടെ പ്രാധാന്യവും മഹത്വവും വായനക്കാരിലേക്ക് പ കർന്നു നൽകുന്ന വിധത്തിൽ അവയുടെ ചരിത്രത്തെയും ശില്പക ലാസൗന്ദര്യത്തെയും മതാത്മകമായ പ്രാധാന്യത്തെയും പ്രതിഫ ലിപ്പിക്കുന്നതാണ് ഈ യാത്രയെഴുത്ത്.

ഇത്തരം മനോഹര നിർമ്മിതികൾക്കു മുന്നിൽ ബഹുമാന പുരസ്സരം വണങ്ങാൻ തയ്യാറുള്ള യാത്രികനെയാണ് വിവരണങ്ങ ളിലെല്ലാം കാണുന്നത്. "പ്രകൃതിയുടെ സ്വാഭാവിക വർണ്ണവിലാസ

ങ്ങളിൽ ഒരേ സമയം തെളിഞ്ഞുമൊളിഞ്ഞും വർത്തിക്കുന്ന ഈ മനോഹരാകാരങ്ങളുടെ പ്രാക്തന ഗാംഭീര്യത്തിന് നിദാനം അവയ്ക്കു പിന്നിലെ ലാളിത്യ പ്രതീതിയുണർത്തുന്ന ദർശനസങ്കീർണ്ണതയാണെന്നു പറയുവാൻ തോന്നും. സ്ഥലവിനിയോഗത്തിലെ പ്രായോഗികതയുടെയും ആകാരമാതൃകയെ നിർണ്ണയിച്ച സൗന്ദര്യാത്മകതയുടെയും അവയെ പ്രചോദിപ്പിക്കുന്ന പ്രപഞ്ച ജീവിതദർശനത്തിന്റെയും സമർഥമായ ഗൂഢ സമ്മേളനമാണ്"(54) ഇത്തരം നിർമ്മിതികളെന്ന് ബഹുമാനത്തോടെ വിലയിരുത്തുന്നുമുണ്ട്.

"മോ ചു, പോ ചു നദികൾക്കിടയിൽ പണിത ചരിത്രപ്രസിദ്ധമായ പുനാഖ സോങ് എന്ന കോട്ടയെ വിവരിക്കുന്നത് ഇപ്രകാരമാണ് "വീതിയേറിയ ഒരു വലിയ നദിക്കു നടുവിൽ പണിതതുപോലെ ദ്സോങിന്റെ രണ്ടു വശങ്ങളിലൂടെയുമാണ് നദികളൊഴുകുന്നത്. ചിറകുകൾ പോലുള്ള ചുവപ്പു മേൽക്കൂരകൾക്കുമേൽ മൂന്നു താമ്രവർണഗോപുരങ്ങളുള്ള ഭീമാകൃതിയായ പുനാഖ ദ്സോങ്, നദീസംഗമത്തിനരികിൽ നിന്ന് നോക്കുമ്പോൾ തുറമുഖത്തു നങ്കൂരമിട്ട പുരാതനമായൊരു കപ്പലാണെന്ന് തോന്നും. പ്രഭാതവെയിൽ സാവധാനം അതിന്മേൽ പ്രകാശിച്ചു തുടങ്ങുമ്പോഴാണ് ആ ഭ്രമാത്മകത മായുക.ജലത്തിന്റെയും അഗ്നിയുടെയും കഠിനപരീക്ഷണങ്ങളെ പലവട്ടം അതിജീവിച്ച,നാലു നൂറ്റാണ്ടു പഴക്കമുള്ള ആ മഹാദുർഗം ഭൂട്ടാന്റെ ഭൂതവർത്തമാനങ്ങളുടെ അമൂല്യമായൊരു ചരിത്ര പേടകമാണ്"(117). ചരിത്രഗവേഷണത്തേക്കാൾ മിത്തുകളിലൂടെയും നാടോടിക്കഥകളിലൂടെയും ചരിത്രത്തെ ആഖ്യാനം ചെയ്യുന്ന തദ്ദേശീയരുടെ സവിശേഷതയെ ചോദ്യം ചെയ്യാതെ തന്നെ ഇത്തരം സാംസ്കാരികമുദ്രകളെ യാത്രികൻ നോക്കിക്കണ്ടു എന്ന് വിവരണങ്ങൾ വ്യക്തമാക്കുന്നു.പ്രതീക്ഷിത കാഴ്ചയും പ്രതിഫലിത നോട്ടവും സാസ്കാരിക മുദ്രകളുടെ കാര്യത്തിൽ ഏകീഭവിക്കുന്നുണ്ട്. അനുഭവകാഴ്ചകളിൽ (Experiential Gaze) നിറഞ്ഞുനിൽക്കുന്ന ബഹുമാനവും കൗതുകവും ഇതു വ്യക്തമാക്കുന്നുണ്ട്.

കാലാവസ്ഥയുടെ ഹൃദ്യത,ഭൗതിക പ്രത്യേകതകൾ കൊണ്ട് തീർത്തും ഒറ്റപ്പെട്ടതുപോലെ കഴിഞ്ഞ ഭൂട്ടാൻ നാഗരികപരിഷ്കാരങ്ങളിലേക്കും കോർപ്പറേറ്റ് മുതലാളിത്തത്തിന്റെ സ്വാധീനത്തിലേക്കും വിധേയപ്പെടുന്ന കാഴ്ചകൾ, പരമ്പരാഗത വിശ്വാസങ്ങളോടും ആചാരങ്ങളോടുമുള്ള കൗതുകം, ലിംഗസമത്വം എന്നിവയിൽ പ്രതീക്ഷിത കാഴ്ചകൾക്കുപരിയായി യാത്രയെഴുത്തിലെ പ്രതിഫലിത നോട്ടമാണ് കൃതിയെ സവിശേഷമാക്കുന്നത്. സാംസ്കാരികസ്വത്വത്തോടുള്ള ബഹുമാനത്തോടൊപ്പം അനുഭവകാഴ്ച

കൾ വ്യത്യസ്ത നോട്ടങ്ങൾ സാധ്യമാക്കി എന്നതാണ് യാത്രയെഴുത്തിൽ പ്രതിഫലിക്കുന്നത്.അവ കാഴ്ചാനുഭവം എന്നതിലുപരി സാസ്കാരികവും സാമൂഹികവുമായ നോട്ടങ്ങളായി മാറുന്നു.

**ദാരിദ്ര്യത്തിന്റെ അടിമകളായ ഗ്രാമീണ കർഷകജനത**

ദുർഗ്ഗമങ്ങളായ പാതകളുള്ള ഭൂട്ടാനിലൂടെ സാഹസിക യാത്ര നടത്തുക എന്നതൊന്നും യാത്രികന്റെ താല്പര്യമല്ല.വാഹന മോടിക്കുന്നവർ കാണിക്കുന്ന സാഹസികത പോലും ത്രസിപ്പിക്കുന്നതിനേക്കാൾ ഉത്ക്കണ്ഠപ്പെടുത്തുന്നതായി വിവരിക്കുന്നുമുണ്ട്.ലെബോസയിൽ നിന്ന് ജാക്കറിലേക്കുള്ള യാത്രയെക്കുറിച്ച് 'ഒരേ സമയം പേടിപ്പിക്കുന്നതും ഹൃദ്യവുമായ'യാത്ര (174) എന്നാണ് വിശേഷിപ്പിക്കുന്നത്.സഞ്ചാരികളുടെ ആകർഷണ കേന്ദ്രമായ തങ്സാങ് ദ്സോങി (ടൈഗേഴ്സ് നെസ്റ്റ്)ലേക്കുള്ള യാത്ര; 'ആയാസകരമായ ആ സാഹസം എനിക്ക് അസാധ്യമായിരുന്നു'(200) എന്ന് ഉറപ്പിക്കുന്നതും യാത്രികന്റെ താല്പര്യത്തെ വ്യക്തമാക്കുന്നു.യാത്രികൻ എന്ന നിലയിൽ ഒ.കെ. ജോണിയെ വിലയിരുത്തുമ്പോൾ ധൃതിയേതുമില്ലാതെ ഒരു നാടിനെ അടുത്തറിയാനുള്ള താല്പര്യമാണ് പ്രധാനമെന്ന് പലയിടങ്ങളിലായി വെളിപ്പെടുത്തുന്നുണ്ട്.ഒരു ടൂറിസ്റ്റിന്റെ കാഴ്ചയേക്കാൾ മാനവ അനുഭവനോട്ടമാണ് (Humanistic Experiential Gaze) യാത്രികനിൽ മുന്നിട്ടു നിൽക്കുന്നത്.ബഹിഷ്കൃത മനുഷ്യരുടെ ജീവിതങ്ങളെ തൊട്ടറിയാൻ ശ്രമിച്ച രവീന്ദ്രന്, 'ബുദ്ധപഥങ്ങളിലെ ആ ബൊഹീമിയൻ സഞ്ചാരിക്ക് കടപ്പാടുകളോടെ, സ്നേഹത്തോടെ സമർപ്പിച്ച' കൃതി സാധാരണ മനുഷ്യരുടെ ജീവിതത്തെ തന്നെയാണ് ആഴത്തിൽ നോക്കിക്കണ്ടത്.

തന്റെ യാത്രക്കിടയിൽ കണ്ടുമുട്ടുന്നവരുമായി സംസാരിച്ചും സൗഹൃദം പങ്കിട്ടും ഒരു മനുഷ്യൻ എന്ന നിലയിൽ സ്നേഹവും സാഹോദര്യവും പുലർത്തിയുള്ള യാത്രികന്റെ നോട്ടമാണ് പ്രതിഫലിക്കുന്നത്. സ്ത്രീകൾ അനുഭവിക്കുന്ന യാതനകളും കർഷകർ അനുഭവിക്കുന്ന കഷ്ടപ്പാടും അടുത്തറിഞ്ഞു കൊണ്ടുള്ള യാത്രയെഴുത്തായി കൃതി മാറാൻ കാരണമിതാണ്. ഗ്രോസ് നാഷണൽ ഹാപ്പിനെസ് ലക്ഷ്യമാക്കുന്ന രാജ്യത്ത് അസന്തുഷ്ടരും അസംതൃപ്തരും ആയിക്കഴിയുന്ന ജനതകൂടിയുണ്ടെന്ന തിരിച്ചറിവ് രേഖപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ ഈ എഴുത്ത് ഭൂട്ടാൻ എന്ന ഭൂപ്രദേശത്തിന്റെ സവിശേഷതയേക്കാൾ അവിടെ ജീവിക്കുന്ന മനുഷ്യരുടെ ജീവിതമെഴുത്തായി മാറിയിട്ടുണ്ട്.

ഭൂട്ടാനിൽ അടിമകളുടെയും നേപ്പാളി വംശജരുടെയും ജീവിതം പാർശ്വവത്ക്കരിക്കപ്പെടുന്നുണ്ട്.നാങ്സെൻ വിഭാഗക്കാരെക്കു

റിച്ച് പറയുന്നതിങ്ങനെയാണ്. "അടിമവംശത്തിന് അടിമത്തനിരോധന പ്രഖ്യാപനം വന്നതോടെ കിട്ടിയ പേരാണ് നാങ്സെൻ എന്നത്..... പേരുമാറിയെങ്കിലും അരനൂറ്റാണ്ടിനുശേഷം ഇപ്പോഴും മനുഷ്യോചിതമായ ജീവിതസാഹചര്യങ്ങളിൽ നിന്ന് തിരസ്ക്കരിക്കപ്പെട്ട അവർ ഫ്യൂഡൽ പ്രഭുക്കളുടെ കീഴിൽ തുച്ഛവേതനം പറ്റി പണിയെടുക്കാൻ നിർബന്ധിതരാകുന്നു...... ഇങ്ങനെയൊരു കൂട്ടം മനുഷ്യർ ജീവിക്കുന്നതായി ഭൂട്ടാനിൽ ആരും കണ്ടതായി നടിക്കാറില്ല. ഗ്രോസ് നാഷണൽ ഹാപ്പിനെസ് ദേശീയ ലക്ഷ്യമാക്കിയ രാജ്യത്തിന്റെ പിന്നാമ്പുറങ്ങളിൽ ദുരിതജീവിതം നയിക്കാൻ വിധിക്കപ്പെട്ട ഈ പാവങ്ങളുടെ ദൈന്യത രാജ്യത്തിന്റെ സൽപേരിന് കളങ്കമാവുമെന്നതുകൊണ്ടാവാം അത്"(107) എന്ന് എഴുതുമ്പോൾ ഭൂട്ടാനിൽ അടിമത്തം നിരോധിക്കപ്പെട്ടെങ്കിലും നാങ്സെൻ വിഭാഗക്കാരുടെ ജീവിതാവസ്ഥ ദയനീയമായിത്തുടരുന്നുണ്ടെന്നും അവരുടെ ജീവിതം ആർക്കും ഒരു പ്രശ്നവിഷയമല്ലെന്നും ആണ് വ്യക്തമാക്കുന്നത്.ഭൂട്ടാനിലെ അടിമകളെപ്പോലെ തന്നെ ദയനീയമായി ജീവിക്കേണ്ടി വന്നവരാണ് ഇന്ത്യയിൽ നിന്ന് കൊള്ളയടിക്കപ്പെട്ട് ഭൂട്ടാനിലെത്തിക്കപ്പെട്ട അടിമകൾ. 1863ൽ ഇന്ത്യയിലേക്ക് അതിക്രമിച്ച് കയറുന്ന ഭൂട്ടാൻ രാജാവുമായി സന്ധിസംഭാഷണത്തിന് എത്തിയ ആഷ്ലി ഈഡൻ തലസ്ഥാനമായ പുനാഖയിൽ ബംഗാളി വംശജരായ അസംഖ്യം അടിമകളുടെ അതിദയനീയമായ ജീവിതാവസ്ഥയെക്കുറിച്ച് ഞെട്ടലോടെ രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂതകാലചരിത്രത്തിൽ വിവിധഘട്ടങ്ങളിലായി അടിമകളായിത്തീർന്ന മനുഷ്യർ രണ്ടാംകിട പൗരന്മാരായി തന്നെയാണ് ഇന്നും ജീവിക്കുന്നത്.അതുകൂടാതെ സാമ്പത്തിക പരാധീനത കൊണ്ട് സ്വയം അടിമത്തം സ്വീകരിക്കാൻ നിർബന്ധിക്കപ്പെട്ട വർത്തമാന മനുഷ്യരുടെ ദയനീയതയും യാത്രികൻ നോക്കിക്കാണുന്നു.തുച്ഛവേതനത്തിനായി രാപ്പകലില്ലാതെ അധ്വാനിക്കേണ്ടിവരുന്ന ബംഗാളികളായ തൊഴിലാളികളുടെ ജീവിതവും പരമദയനീയമാണ്. "ദുർഗമങ്ങളായ മലമ്പാതകളുടെ നിർമ്മാണ ജോലിക്കിടെ മലയിടിഞ്ഞ് വർഷംതോറും മരിക്കുന്ന നൂറുകണക്കിന് റോഡുപണിക്കാരിൽ മഹാഭൂരിപക്ഷവും ബംഗാളികളാണ്"(109) എന്ന തിരിച്ചറിവ് യാത്രികനിൽ കാരണമില്ലാത്ത കുറ്റബോധവും സങ്കടവും ഉണർത്തുന്നു.എന്നാൽ ഭൂട്ടാനേക്കാൾ ദയനീയമായ സ്ഥിതിയാണ് ഇന്ത്യയിലുള്ളത് എന്ന യാഥാർത്ഥ്യവും അംഗീകരിക്കുന്നു. രാജഭരണം നിലനിൽക്കുന്ന ഭൂട്ടാനും ജനാധിപത്യം നിലനിൽക്കുന്ന ഇന്ത്യയും ദരിദ്രജനതയുടെ ജീവിതാവസ്ഥയെ കണ്ടില്ലെന്ന് നടിക്കുന്നു എന്ന വസ്തുതയാണ് സംഘർഷത്തിനു കാരണമാകുന്നത്. നാട്ടിൽ ജീവിക്കാൻ ഗത്യന്തരമില്ലാതെ സ്വ

യം നാടുകടത്തപ്പെടുന്ന ബംഗാളിലെ പാവപ്പെട്ടവർ ഭൂട്ടാനിലെ അണക്കെട്ടുകളിലും റോഡുകളിലും നൂറുരൂപ ദിവസക്കൂലിക്കായി നിർമ്മാണപ്രവർത്തനത്തിലേർപ്പെടുന്നുണ്ട്.ഒരു രാഷ്ട്രത്തിന്റെ ഭരണവ്യവസ്ഥ ജനക്ഷേമത്തിന് ഗൗരവശ്രദ്ധ നൽകുന്നില്ല എന്ന പ്രശ്നത്തിൽ ഭൂട്ടാനേക്കാൾ മുൻപിൽ നിൽക്കുന്നത് സ്വദേശമായ ഇന്ത്യയാണെന്ന ആത്മവിമർശനവുമിതിലുണ്ട്. നാങ്സെൻ വിഭാഗക്കാരോട് ഭൂട്ടാനും അഹോരാത്രം അധ്വാനിച്ച് മിണ്ടാപ്രാണികളെ പോലെ ജീവിച്ച് ദുരന്തങ്ങളേറ്റുവാങ്ങുന്ന ബംഗാളിലെ പാവപ്പെട്ടവരോട് ഇന്ത്യയും അവഗണന കാട്ടുന്ന കാര്യത്തിൽ ഏകമനസ്കരാണ്.ഇന്ത്യയും ഭൂട്ടാനും തമ്മിൽ നിലനിൽക്കുന്ന സൗഹാർദ്ദവും സഹകരണവും പലയിടങ്ങളിലായി യാത്രികൻ വിവരിക്കുന്നുണ്ട്. ഇതിനെല്ലാമുപരി രണ്ടിടത്തും ജനങ്ങളുടെ ദാരിദ്ര്യനിർമ്മാർജ്ജനം വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ല എന്നതും യാഥാർത്ഥ്യമാണ്.ബംഗാളിൽ നിന്ന് നിത്യവൃത്തിക്കായി കൂട്ടം കൂട്ടമായി എത്തുന്ന തൊഴിലാളികൾക്കൊപ്പം ഭൂട്ടാൻകാരും പണിയെടുക്കുന്നു എന്നത് ഈ കാര്യമാണ് വ്യക്തമാക്കുന്നത്. ഭൂട്ടാനിലെ ജനതയെ അറിയാൻ ശ്രമിക്കുന്ന യാത്രികൻ തന്റെ ദേശത്തെ തന്നെ പുനർവായിക്കാൻ തയ്യാറാകുകയാണ്. ഭൂട്ടാനിലെ ജനങ്ങളുടെ ദയനീയത എന്നത് ഇന്ത്യക്കാരുടെ നേരെ തിരിച്ചുവെക്കുന്ന കണ്ണാടിയായി മാറുന്നു.

ലുനാനയിലെ ഗ്ലേഷ്യർതടാകം പൊട്ടിയാൽ മുങ്ങിപ്പോകാനിടയുണ്ടെന്ന അപായഭീഷണി നിലനിൽക്കുന്ന സ്ഥലങ്ങളായ കുർത്താങ്, പുനാഖ എന്നിവിടങ്ങളിൽ പരിമിതികൾക്കകത്തും പരാതികളില്ലാതെ കഴിയുന്ന പ്രദേശവാസികളും ഘാസ, ലായ തുടങ്ങിയ പ്രദേശങ്ങളിലെ കൂർമ്പത്തൊപ്പി വെച്ച ആദിവാസികളായ ലായപ്പകളും 'സമ്പന്നതയുടെതെന്ന പോലെ ദാരിദ്ര്യത്തിന്റെയും ലാഞ്ഛനകൾ പ്രകടമല്ലാത്ത ബുംതാങ്, ജാക്കർ എന്നീ പ്രദേശങ്ങളിലെ ജനങ്ങളും കർഷകരാണ്. ഇവർ അനുഭവിക്കുന്ന പ്രശ്നങ്ങളുടെ സാമൂഹ്യരാഷ്ട്രീയതലം വളരെ സൂക്ഷ്മമായി വിലയിരുത്തുന്ന ഒന്നാണ് ഈ യാത്രയെഴുത്ത് എന്ന് കാണാം. എന്നാൽ ഇത്തരം വിലയിരുത്തലുകളിൽ ഭൂട്ടാൻ ജനതയെ അപരവത്കരിക്കാൻ ശ്രമിക്കുന്നില്ല. നേരെമറിച്ച് ഇന്ത്യയിലെയും ഭൂട്ടാനിലെയും സ്ത്രീകളും കർഷകരും ഒരേപോലെ ദുരിതം പേറുന്നവരാണെന്ന് വിലയിരുത്തുന്നു. മുഖ്യധാരയിൽ നിന്ന് പിൻതള്ളപ്പെടുന്നവരുടെ അനുഭവങ്ങളുടെ സാർവ്വലൗകികതയാണ് പ്രതിഫലിക്കുന്നത്.

**ലൈംഗിക സ്വാതന്ത്ര്യത്തിന്റെയും ചൂഷണത്തിന്റെയും നാട്.**

ലിംഗസമത്വം നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥയാണ് ഭൂട്ടാനിലുള്ളത്. അത്തരം നിരവധി അനുഭവങ്ങൾ യാത്രികൻ രേഖപ്പെടുത്തുന്നുണ്ട്. "വിവാഹപൂർവ്വ ലൈംഗിക ബന്ധങ്ങളെയും വിവാഹ ബാഹ്യ സ്ത്രീപുരുഷ സൗഹൃദങ്ങളെയും ഉൾവിലക്കുകളൊന്നുമില്ലാതെ സ്വാഭാവികമായി കാണുന്നവരാണ് പൊതുവെ ഭൂട്ടാനിലെ സ്ത്രീകളും പുരുഷന്മാരും.യുവാക്കൾ ഇണകളുടെ വീടുകളിൽ രാത്രി സന്ദർശനം നടത്തുന്ന സമ്പ്രദായവും ഭൂട്ടാനിൽ അപൂർവ്വമല്ല... ആൺ- പെൺ സൗഹൃദങ്ങൾ വിവാഹത്തിൽ കലാശിക്കണമെന്ന ശാഠ്യമില്ലാത്തതിനാൽ നമ്മുടേതുപോലുള്ള യാഥാസ്ഥിതിക സമൂഹങ്ങളിലേതിനേക്കാൾ നിഷ്കപടമാണ് ഭൂട്ടാനിലെ സ്ത്രീപുരുഷ ബന്ധങ്ങളെന്നാണ് തോന്നുക.അന്യരുടെ സ്വകാര്യതകളിലേക്ക് ഒളിഞ്ഞു നോക്കുക ഉത്തരവാദിത്വമായി സ്വയം ഏറ്റെടുക്കുന്ന കപടസദാചാരവാദികളുടെ അഭാവത്തിൽ, ഉഭയസമ്മതത്തോടെയുള്ള ലൈംഗികബന്ധങ്ങൾ അവിടെ അപഹസിക്കപ്പെടാറില്ല.പുറം ലോകത്തിന്റെ സദാചാരമാനദണ്ഡങ്ങൾ കൊണ്ട് അളക്കാവുന്നതല്ല,ഉദാരമനോഹരമായ ഈ ഭൂട്ടാനീസ് മനോഭാവം"(113) എന്നാണ് ഭൂട്ടാനിലെ ലൈംഗിക സ്വാതന്ത്ര്യത്തെക്കുറിച്ച് വ്യക്തമാക്കുന്നത്. "സ്കൂളിൽ പോകുന്ന വഴിയിൽ കാണാറുള്ള കാവൽക്കാരനിൽ നിന്ന് ഗർഭിണിയായ യിഷിയെപ്പോലെ കബളിപ്പിക്കപ്പെടുന്ന പെൺകുട്ടികളും അപൂർവ്വമല്ലെന്നുള്ളതാണ് ഇതിന്റെ ദാരുണമായ മറുവശം"(113) എന്നും യാത്രികൻ കണ്ടെത്തുന്നുണ്ട്.

ഭൂട്ടാനിലെ സാധാരണജനങ്ങളുമായി സംസാരിക്കാനും അവരുടെ ജീവിതം അടുത്തറിയാനുമുള്ള അവസരങ്ങൾ ഉണ്ടാക്കിയെടുത്തു കൊണ്ടുള്ള യാത്രയാണ് ഒ.കെ. ജോണി നടത്തിയത്.ഉപേക്ഷിക്കപ്പെട്ട അമ്മമാരും അച്ഛനാരെന്നറിയാതെ വളരുന്ന കുട്ടികളുമുള്ള ജനസമൂഹം കൂടി അവിടെയുണ്ടന്ന് യാത്രികൻ തിരിച്ചറിയുന്നു.പുനാഖയിലെ യിഷിയുടെയും യെവോക്കയിലെ ത്രിൻലിയോമിന്റെയും പാരോയിലെ കർമയുടെയും ജീവിതം ഏതാനും ഉദാഹണങ്ങൾ മാത്രം. ലൈംഗികസ്വാതന്ത്ര്യം അനുവദനീയമായ ഭൂട്ടാന്റെ സാംസ്കാരികസാഹചര്യത്തെ ചൂഷണം ചെയ്തതിന്റെ ഇരകളാണിവരോരോരുത്തരും. ഭൂട്ടാൻ ടുഡേ എന്ന പത്രത്തിൽ തിമ്പു ചുവിന്റെ കരയിൽ ഉപേക്ഷിക്കപ്പെട്ട നവജാത ശിശുവിന്റെ ജഡത്തെക്കുറിച്ചുള്ള വാർത്തയിലൂടെ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു എന്ന യാഥാർത്ഥ്യം പത്രം വെളിപ്പെടുത്തുന്നുണ്ട്. സ്കൂളുകൾക്കു മുമ്പിലും വഴിയോരങ്ങളിലും ഗർഭനി

രോധന ഉറകൾ ഉപയോഗിക്കാനുള്ള പരസ്യപ്പലകകൾ സ്ഥാപിച്ച തും യഥേഷ്ടം സൗജന്യമായി ഇവ ലഭിക്കുന്നതിനുള്ള കൗണ്ടറു കൾ സ്ഥാപിച്ചതും ജനസംഖ്യാനിയന്ത്രണമെന്ന ലക്ഷ്യത്തോടെയ ല്ലെന്നും മറിച്ച് അവിവാഹിതരായ അമ്മമാരുടെയും ശിശുഹത്യയു ടെയും എണ്ണം കുറക്കാനുമാണെന്നും യാത്രികൻ വിലയിരുത്തു ന്നു.സമാധാനപൂർണവും സന്തുഷ്ടവുമായ ലിംഗസമത്വം നിലനിൽ ക്കുന്ന നാട് എന്ന പ്രതീക്ഷിത കാഴ്ചയല്ല യാത്രികൻ അനുഭവിച്ച റിയുന്നത്. സ്ത്രീജീവിതത്തിന്റെ നിസ്സഹായതയും ചൂഷണവും ദു രിതജീവിതവും അദ്ദേഹത്തിന്റെ നോട്ടത്തിൽ പതിയുന്നു.

വിവാഹം പോലെ സ്വാഭാവികമായി മാത്രം പരിഗണിക്ക പ്പെടുന്ന ഒന്നാണ് വേർപിരിയലുകളും. പുതിയ ഇണകളുമായി ജീ വിക്കുമ്പോഴും പരസ്പരം പുലർത്തുന്ന സൗഹാർദ്ദത്തെക്കുറിച്ചു ള്ള നിരവധി കഥകൾ യാത്രികൻ കേട്ടതായി സൂചിപ്പിക്കുന്നു. വി വാഹേതരദാമ്പത്യവും വിവാഹബാഹ്യദാമ്പത്യവും പോലെ വിവാ ഹമോചനവും ഗ്രാമങ്ങളിലും പട്ടണങ്ങളിലും വ്യാപകമാണ്.ഈ സാ മൂഹ്യസാഹചര്യത്തിന്റെ മറുവശവും യാത്രികൻ കാണുന്നുണ്ട്. ശി ഥിലമായ കുടുംബങ്ങളിൽ നിന്ന് ഉപേക്ഷിക്കപ്പെട്ട കുട്ടികൾ, അമ്മ മാരുടെ കഷ്ടപ്പാടും നിസ്സാഹയതയും കണ്ട് വളരുന്ന കുട്ടികൾ,പൂർ ണ്ണമായും ഉപേക്ഷിക്കപ്പെട്ട കുട്ടികൾ ഇങ്ങനെ പലവിധ സംഘർഷ ങ്ങളിൽ ജീവിക്കേണ്ടി വരുന്നവരുടെ നാടുകൂടിയാണ് ഭൂട്ടാൻ.പരി ഷ്കൃത സമ്പന്നസമൂഹത്തിൽ സന്യാസ വഴി സ്വീകരിക്കാൻ ആളു കൾ തയ്യാറാകാത്ത സാഹചര്യത്തിൽ ആ കുറവ് നികത്തുന്നത് അ നാഥക്കുട്ടികളാണെന്നതും പരസ്യമായ രഹസ്യമാണ്(114) എന്ന് പ്ര തിഫലിത നോട്ടമായി സമൂഹത്തെ അടയാളപ്പെടുത്തുന്നു. തന്റെ യാത്രയ്ക്കിടയിൽ പരിചയപ്പെട്ട സ്ത്രീകളുടെ ജീവിതങ്ങളെ നേരി ട്ടു മനസ്സിലാക്കിയതിന്റെ അനുഭവക്കാഴ്ചയാണ് ഇത്തരം വിലയി രുത്തലിലേക്ക് നയിച്ചത്.

**ലിംഗസമത്വത്തിന്റെ നാട്ടിലെ അവഗണിക്കപ്പെട്ട സ്ത്രീജീവിതം**

കർമ്മയുടെയും ത്രിൻലിയോമിന്റെയും വെയിലേറ്റ് തളർ ന്ന് ബിയർ കുടിക്കാനെത്തുന്ന കർഷക സ്ത്രീയുടെയും ജീവിതാ വസ്ഥയിലൂടെ ഭൂട്ടാനിലെ സാധാരണക്കാരികളുടെ വെല്ലുവിളികൾ നിറഞ്ഞ ജീവിതസാഹചര്യത്തെയാണ് യാത്രികൻ കണ്ടത്. അപരി ചിതരുടെ ജീവിതകഥ പറയുക എന്നതിലുപരി തനിക്ക് വേണ്ടപ്പെ ട്ടവരുടെ അനുഭവാഖ്യാനമായിട്ടാണ് ഇവയോരോന്നും പരാമർശി ക്കുന്നത്.

ഭർത്താവ് ഉപേക്ഷിച്ചു പോയതിനാൽ കുട്ടിയെയും തന്റെ പിതാവിനെയും സംരക്ഷിക്കാനായി വെറ്റിലക്കെട്ടൊരുക്കിയും പശുവിനെ പോറ്റിയും ജീവിതം പുലർത്തുന്ന ടോൾ പിരിവുകാരിയായ യവോക്കയിലെ കർമ്മയുടെ ജീവിതകഥ കേട്ടപ്പോൾ "ഭൂട്ടാനിലെ ഭൂരഹിതരായ കർഷകത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ വയനാട്ടിലെ പണിയരുടെയും അടിയാരുടെയും പോലുള്ള ആദിവാസികളുടേതിൽ നിന്ന് തെല്ലും വ്യത്യസ്തമല്ല" (133) എന്നാണ് യാത്രികൻ കരുതുന്നത്.യൊവോക്കയിൽ നിന്ന് പരിചയപ്പെട്ട ത്രിൻലിയോമിന്റെ ജീവിതവും വളരെ ബുദ്ധിമുട്ടു നിറഞ്ഞതാണ്. മൂന്നുമക്കളുടെ അമ്മയായ അവളെ ഭർത്താവ് ഉപേക്ഷിച്ചു.ഭർത്താവ് ഉപേക്ഷിച്ച സഹോദരിയുടെയും അമ്മയുടെയും കൂടെ കഴിയുന്ന അവൾ തന്റെ കദനകഥ ധരിപ്പിച്ചപ്പോൾ യാത്രികൻ വിഷമിക്കുന്നു. പക്ഷേ ആ സംഭാഷണങ്ങളിലെല്ലാം ഹൃദയബന്ധത്തിന്റെ ശക്തി നിറഞ്ഞുനിന്നിരുന്നു. ത്രിൻലിയോമിന്റെ സംഭാഷണത്തെക്കുറിച്ച് വിവരിക്കുന്നതിങ്ങനെയാണ്. "വളരെക്കാലത്തിനുശേഷം തിരുച്ചുവന്ന ഒരു ബന്ധുവിനോട്, പറയുവാൻ കാത്തുവെച്ച കുടുംബകാര്യങ്ങൾ വെളിപ്പെടുത്തുന്നതുപോലെയായിരുന്നു അപ്പോൾ മാത്രം പരിചയപ്പെട്ട അന്യരാജ്യക്കാരനായ ഒരാളോടുള്ള അവളുടെ ആ ആത്മകഥനം. ചിരപരിചിതമായ തിരുനെല്ലിയിലെ ഏതോ അടിയാക്കുടിലിൽ അപ്രതീക്ഷിതമായി വീണ്ടും എത്തിപ്പെട്ടതുപോലെയാണ് എനിക്കപ്പോൾ തോന്നിയത്"(136). അടിയാരുടെ ജീവിതവും ഭൂട്ടാനിലെ കർഷക സ്ത്രീയുടെ ജീവിതവും താദാത്മ്യപ്പെടുന്നു.

ജാക്കർബസാറിലുണ്ടായ തീപിടുത്തത്തിൽ വീടും സകല സമ്പാദ്യവും നഷ്ടപ്പെട്ട;ചന്തയിൽ സാധനം വിൽക്കുന്ന താഷിഡെമയും ദുരിതം പേറുന്ന സ്ത്രീയാണ്. ഭർത്താവുപേക്ഷിച്ച അവൾ മൂന്നു കുട്ടികളെ വളർത്തി വലുതാക്കാനുള്ള ശ്രമത്തിലാണ്.സകല സമ്പാദ്യവും നഷ്ടപ്പെട്ട അവളെ ആശ്വസിപ്പിക്കുന്ന സ്ത്രീകളും ഇതേ ദുരിതങ്ങൾ അനുഭവിച്ചവർ തന്നെ. റസ്റ്റോറന്റിൽ കൈക്കുഞ്ഞുമായി വന്ന് തലയുയർത്താതെ ഇരുന്നു ബിയർ കുടിക്കുന്ന,വെയിലേറ്റ് കരുവാളിച്ച കർഷക സ്ത്രീയെ കണ്ടപ്പോൾ യാത്രികന്റെ ചിന്ത ഇപ്രകാരമാണ്. "എത്ര അധ്വാനിച്ചാലും മുട്ടിന്മേൽ ജീവിതം നയിക്കുവാൻ വിധിക്കപ്പെട്ട ഒരു കർഷകത്തൊഴിലാളിയുടെ സങ്കടകരമായ ആത്മകഥ ആ പൊള്ളിയ മുഖത്ത് ആലേഖനം ചെയ്തിരുന്നു.ലിപിയില്ലാത്ത ആ ഭാഷ വയനാട്ടിലെ നിസ്സഹായരായ ആദിവാസി സ്ത്രീകളുടെ മുഖങ്ങളിൽ ഞാൻ നിരന്തരം കണ്ടു പരിച

യിച്ചതായിരുന്നു"(100). സമ്പന്നകളായ ബംഗാളിസ്ത്രീകൾ അവൾ എഴുന്നേറ്റു പോകുമ്പോൾ പരിഹാസച്ചിരി മുഴക്കിയത് യാത്രികന് അരോചകമാകുന്നുമുണ്ട്. ദാരിദ്ര്യത്തോട് മല്ലടിച്ച് ദയനീയാവസ്ഥ യെ മറികടക്കാൻ നിരന്തരപ്രയത്നം ചെയ്യുന്ന സ്ത്രീകളുടെ പ്രതി നിധാനങ്ങളാണ് ഇവരോരുത്തരും. ത്രിൻലിയോമിന്റെ കൂട്ടുകാരി യും അര എന്ന മദ്യം പകർന്നു കൊടുക്കുന്നവളുമായ നാംഗെ,ഫുൺ ഷോലിങ്ങിൽ നിന്ന് ഒന്നിച്ച് ബിയർ കഴിച്ച സാങ്മോ, ഷെയറിംഗ് ടാക്സിയിൽ ലിഫ്റ്റ് ചോദിച്ച് കൂടെ യാത്ര ചെയ്ത ഭർത്താവ് ഉപേ ക്ഷിച്ചവളും മകനെ പഠിപ്പിച്ചു വലുതാക്കാനായി കഷ്ടപ്പെടുന്നവ ളും പാരോയിലെ 'ഹാവെൻ' റിസോർട്ടിലെ ഷെഫുമായ കർമ, റോ ഡു പണിക്കാരികളായ സ്ത്രീകൾ, ലെബോസയിൽ നിന്ന് ബുംതാ ങ്ങിലേക്കുള്ള ബസ് കയറാൻ സഹായിച്ച വഴിയോര അപ്പക്കച്ചവട ക്കാരായ വൃദ്ധസ്ത്രീകൾ, സഞ്ചരിക്കുന്ന ഭക്ഷണശാലയുമായി ട്രാ ഫിക് തടസ്സമുണ്ടാകുന്ന വഴിയോരങ്ങളിൽ ഭക്ഷണം വിൽക്കുന്ന പെമ എന്നിങ്ങനെ ജീവിതത്തോട് പൊരുതി നീങ്ങുന്ന നിരവധി സ്ത്രീകളുടെ കൂടി നാടാണ് ഭൂട്ടാൻ. ഗ്രാമീണതയുടെ നിഷ്കളങ്കത യോടെ യാത്രികനെ പരിചയപ്പെട്ട പെമയും ചിമിയും ജോലി ചെ യ്ത് ജീവിക്കാനാഗ്രഹിക്കുന്ന പുതിയ തലമുറയുടെ സ്വപ്നങ്ങളെ ക്കുറിച്ചാണ് സംസാരിച്ചത്. ഡൽഹിയിൽ പോയി ഉന്നതവിദ്യാഭ്യാ സം നേടി കൊമേഴ്സ് അധ്യാപികയാവണമെന്നാഗ്രഹിക്കുന്ന പെ മയും ഗ്രാമത്തിന്റെ പരിമിതിയിൽ നിന്ന് രക്ഷപ്പെട്ട് തിമ്പുവിൽ സെ യിൽസ് ഗേളായാൽ മതിയെന്ന് ആഗ്രഹിക്കുന്ന ചിമിയും ഭൂട്ടാനി ലെ ഗ്രാമീണ യുവത്വത്തിന്റെ പ്രതീകങ്ങളാണ്. യാത്രികൻ കാണു കയും കേൾക്കുകയും ചെയ്യുന്നവരിൽ കൂടുതലും പൊതുധാരയിൽ നിന്നും പിൻതള്ളപ്പെട്ട സ്ത്രീ ജീവിതങ്ങളാണ്. യാത്രികൻ അവ രോട് മാനസികമായി ഐക്യപ്പെടുന്നതും വായനക്കാരന് അനുഭ വിക്കാനാവുന്നു. ലിംഗസമത്വം എന്ന പ്രതീക്ഷിത കാഴ്ച പുനർമൂ ല്യനിർണ്ണയം ചെയ്യപ്പെടുന്നു. ഔദ്യോഗിക സാമൂഹിക ആഖ്യാന ത്തിലൂടെ ഉണ്ടായിവന്ന പ്രതീക്ഷിത കാഴ്ചയ്ക്കും ദൈനംദിനം സ്ത്രീജീവിതത്തിന്റെ അനുഭവ ലോകത്തിനും ഇടയിലുള്ള വിടവ് ആണ് പ്രതിഫലിതനോട്ടമായി എഴുത്തിൽ അവതരിപ്പിക്കപ്പെട്ടത്.

ഭൂട്ടാനിലെ പ്രധാന നഗരങ്ങളിലും ചെറുപട്ടണങ്ങളിലും നൈറ്റ് ക്ലബ്ബ് ഡാൻസുകൾ നടക്കുന്നതിന്റെ പരസ്യങ്ങളുള്ളത് അ സുലഭ സന്ദർഭമായാണ് യാത്രികൻ കാണുന്നത്. നമ്മുടെ നഗരങ്ങ ളിൽ മാത്രം കാണാനിടയുള്ള ആഘോഷങ്ങൾ ലെബോസപോലു ള്ള കർഷകഗ്രാമങ്ങളിൽ വരെ കാണുന്നതിലെ ഔത്സുക്യം പ്രകടി

E-ISSN:2582-550X

പ്പിക്കുന്നു. ക്ലബ്ബ് എസ്കേപ്സിന്റെ പരസ്യത്തിൽ നാലു യുവസുന്ദരികളുടെ പോസ്റ്ററും അവർക്കൊപ്പം നൃത്തം ചെയ്യാനുള്ള ക്ഷണവുമാണ് ഉള്ളത്. ഇത്തരം പരസ്യങ്ങൾ ഭൂട്ടാനിൽ മറ്റ് പലയിടത്തും കാണാനിടയായിട്ടുണ്ട്. കുർത്താങ്ങിൽ ലക്കി സെവൻലേഡീസ് സംഘടിപ്പിക്കുന്ന ഡാൻസിനുള്ള ക്ഷണമായിരുന്നു ഉണ്ടായിരുന്നത്. "സദാചാരപ്പോലീസ് ചമയുന്ന മനോരോഗികളായ ക്രിമിനലുകൾ വർദ്ധിച്ചുവരുന്ന പുരോഗമന കേരളത്തിൽ ഇത്തരമൊരു പോസ്റ്റർ പോലും സൃഷ്ടിക്കാനിടയുള്ള പ്രതിഷേധങ്ങളെക്കുറിച്ചോർത്തപ്പോൾ ലജ്ജയാണുണ്ടായത്."(167) ഭൂട്ടാനിലെ ലൈംഗിക സ്വാതന്ത്ര്യവും സ്വദേശമായ കേരളത്തിന്റെ സദാചാര രാഷ്ട്രീയവുമായി താരതമ്യപ്പെടുത്തി വിമർശനാത്മക വിലയിരുത്തലിലൂടെ കൃതി പ്രതിഫലിപ്പിക്കുന്നത് ഭൂട്ടാൻ എന്ന പ്രദേശത്തെ മാത്രമല്ല,സ്വദേശത്തിന്റെ സാമൂഹ്യഘടനയെ കൂടിയാണ്. യാത്രാനുഭവങ്ങൾ തന്നെക്കുറിച്ചും തന്റെ നാടിനെ കുറിച്ചുമുള്ള ധാരണകളെ പുനർനിർമ്മിക്കുക കൂടി ചെയ്യുന്നു എന്നു കാണാം.

യാത്രികൻ ഗ്രാമാന്തരങ്ങളിലൂടെ യാത്ര ചെയ്യുകയും ഗ്രാമീണ ജീവിതങ്ങളെ അടുത്തറിയുകയും ചെയ്തുകൊണ്ട് ഭൂട്ടാനിൽ സഞ്ചരിച്ചതിലൂടെ ഭൂട്ടാൻ എന്ന ഭൗമ പ്രദേശത്തെ അറിയുക മാത്രമല്ല ചെയ്തത്. യാത്രയ്ക്കിടയിലെ ഓരോ അനുഭവവും അദ്ദേഹത്തെ വിലുപമായ ബോധ(Expansion of Consciousness)ത്തിലേക്കാണ് നയിക്കുന്നത്.ഭൂട്ടാന്റെ സാംസ്കാരിക ജീവിതത്തെ മാത്രമല്ല തന്റെ തന്നെ ജീവിതത്തെ;തന്റെ ദേശത്തിന്റെ;തന്റെ നാടിന്റെ പുനർവായനയാണ് കൃതിയിൽ നടത്തിയത്. ഭൂട്ടാനിലെ സ്ത്രീജീവിതങ്ങളെ അടുത്തറിയുകയും അവരുടെ കഷ്ടതകളെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുമ്പോൾ വയനാട്ടിലെ ആദിവാസി ജീവിതത്തെയാണ് തിരിച്ചറിയുന്നത്. സഹജീവികളോടുള്ള സഹാനുഭൂതിയിലേക്കും വയനാട്ടിലെ സഹോദരികളുടെ ജീവിതാവസ്ഥകളിലേക്കും താദാത്മ്യപ്പെടുന്ന നോട്ടമാണ് പ്രതിഫലിപ്പിക്കുന്നത്.

**സ്വദേശത്തെക്കുറിച്ചുള്ള ആത്മവിമർശനം**

ഇന്ത്യക്കാരൻ, കേരളീയൻ എന്നീ കർത്തൃത്വങ്ങൾ യാത്രികന്റെ എഴുത്തിനെ നിർണ്ണയിക്കുന്ന സന്ദർഭങ്ങളുമുണ്ട്. എത്രയോ അകലെയുള്ള കേരളത്തിൽ നിന്നും തൊഴിൽ തേടി ഭൂട്ടാനിൽ എത്തിച്ചേർന്ന അധ്യാപകരെക്കുറിച്ച് ഭൂട്ടാനികൾക്ക് സമ്മിശ്രപ്രതികരണങ്ങളാണുള്ളത്. ടൊറന്റോയിൽ നിന്നുള്ള ജാമി സെപ്പ *ബിയോണ്ട് ദ സ്കൈ ആന്റ് ദ എർത്ത്* എന്ന കൃതിയിൽ അന്യരുടെ സ്വകാര്യതകളിൽ ഇടപെടുന്നവരും സങ്കുചിതവും യാഥാസ്ഥിതികവുമാ

യ സംസ്കാരം വിദ്യാർത്ഥികളുടെയും സഹപ്രവർത്തകരുടെയും മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നവരുമായി ഇന്ത്യക്കാരെ അവതരിപ്പിച്ചിട്ടുണ്ട്. "അവരുടെ കൃതിയിൽ പറയുന്ന മദ്യപാനിയായ ജോയിയുടെയും ഭാര്യയുടെയും ചിത്രം മലയാളി മനോഭാവങ്ങളുടെ ശരിപ്പകർപ്പാണ്"(103). ജാമി സെപ്പ മാത്രമല്ല ബാങ്കുദ്യോഗസ്ഥനായ സോനം ആദ്യമായി പരിചയപ്പെട്ടപ്പോൾ പറഞ്ഞത് "വി ലൈക് കേരളൈറ്റ്സ് വെരി ലവബിൾ പീപ്പിൾ"(100) എന്ന വ്യാജ പ്രശംസയാണ്. മലയാളമറിയാത്ത വിദ്യാർത്ഥികളോട് "എടാ തെണ്ടീ നീയൊന്നും നന്നാവില്ല" എന്ന് അധ്യാപകൻ ചിരിച്ചു കൊണ്ട് പറയുന്ന വാക്ക് ഒരു തെറിവാക്ക് ആയിരുന്നു എന്ന് പിൽക്കാലത്ത് മനസ്സിലാക്കിയ കാര്യം രസകരമായി അയാൾ പറയുന്നുണ്ട്.മലയാളിയുടെ പ്രച്ഛന്നവ്യക്തിത്വത്തെ അനുഭവിച്ചറിഞ്ഞ വിദ്യാർത്ഥികളും ഭൂട്ടാനിലുണ്ട് എന്നർത്ഥം.മലയാളികളായ നിരവധി അധ്യാപകരുടെ ശിക്ഷണത്തിൽ വളർന്ന ഭൂട്ടാൻ വിദ്യാർത്ഥികൾ അധ്യാപകരിലൂടെ കേരളത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടെന്നും പ്രതികരണങ്ങളിൽ നിന്നും തിരിച്ചറിഞ്ഞു.ഭൂട്ടാനിലെ സാധാരണക്കാരുടെ ജീവിതം പോലെതന്നെ; പ്രതീക്ഷാഭരിതമായ അവസ്ഥയല്ല ഇവർക്കുമുള്ളത് എന്ന് വിലയിരുത്തുന്നു. "പരസ്പര ബന്ധമില്ലാതെ സ്വന്തം ലോകങ്ങളിൽ സ്വയം അടച്ചിടപ്പെട്ടവരാണ് ഭൂട്ടാനിലെ വിവിധ ദിക്കുകളിൽ കഴിയുന്ന മുന്നൂറോളം മലയാളി അധ്യാപകർ. അവരുടെ സാന്നിധ്യം വിദ്യാലയങ്ങൾക്കു പുറത്ത് എവിടെയും പ്രകടമല്ല"(102) എന്നാണ് നിരീക്ഷിക്കുന്നത്. അധ്യാപകനായ സുഹൃത്ത് ജെയിംസ് ഭൂട്ടാനികളുടെ ഭാഷയായ ദ്സോങ്ക പഠിച്ച് നാട്ടുകാരുമായി കൂടുതൽ അടുത്ത് ഇടപഴകുന്ന വ്യക്തിയാണ്.ജെയിംസിന്റെ സ്നേഹിതൻ എന്ന നിലയിൽ നാട്ടുകാരുടെ സ്നേഹത്തിന്റെ പങ്കുപറ്റാനിടയായ കാര്യം സന്തോഷത്തോടെ സൂചിപ്പിക്കുന്നു.അത് ചില വീട്ടുകാരുടെ ആതിഥ്യം സ്വീകരിക്കാൻ അവസരമൊരുക്കി.സൽപ്പേരുള്ള നിരവധി മലയാളി അധ്യാപകരും അവിടെയുണ്ടായിരുന്നു എന്ന് ഭൂട്ടാനികൾ തന്നെ പറയുന്നതു കേൾക്കുകയും ചെയ്തു. ഭൂട്ടാനിൽ നിരവധി വർഷം അധ്യാപകനും വിദ്യാഭ്യാസവകുപ്പിലെ ഡയറക്ടറുമായിരുന്ന മലയാളി എഴുത്തുകാരൻ ജി.ബാലചന്ദ്രന്റെ സേവനം ഭൂട്ടാനിലുള്ളവർ നന്ദിയോടെ ഓർക്കുന്നുണ്ട്. എന്നാൽ ജി.ബാലചന്ദ്രൻ ഭൂട്ടാനെകുറിച്ച് എഴുതിയ നോവലുകളിലെല്ലാം അവിടെ നിലനിൽക്കുന്ന രാഷ്ട്രീയഘടനയുടെ പരിമിതികളെക്കുറിച്ചുള്ള നിശിതവിമർശനമാണ് നടത്തുന്നത്. ഭൂട്ടാൻ ലോട്ടറി തട്ടിപ്പുകേസിലും കേരളം ചർച്ചാവിഷയമായി.സാമ്പത്തിക പുരോഗതിക്കായി ഇന്ത്യയെ ആശ്രയിക്കുന്ന ഭൂട്ടാന് അഴിമ

തിയുടെ കാര്യത്തിലും ഇന്ത്യയാണ് മാതൃക (222) എന്ന് വിലയിരുത്തുന്നുമുണ്ട്.

ഡ്രുക്പ കുൻലെയെക്കുറിച്ച് പറയപ്പെടുന്ന പല കഥകളും കടുത്ത സദാചാര പ്രേമികളായ മലയാളി വായനക്കാർക്കിടയിൽ ഉദ്ധാരണയോഗ്യമല്ലാത്തതിനാൽ ടകിൻ എന്ന അപൂർവ്വ മൃഗസൃഷ്ടിയെക്കുറിച്ചുള്ള ഒരു കഥ മാത്രം വിവരിക്കുന്നു(145) എന്ന് യാത്രികൻ പരാമർശിക്കുമ്പോൾ മലയാളിയുടെ കപടസദാചാരബോധത്തെക്കുറിച്ചുള്ള ആത്മവിമർശനമാണതെന്ന് കാണാം. യാത്രാനുഭവങ്ങൾ പുതിയ ഒരു സാമൂഹിക ബോധമാണ് സൃഷ്ടിക്കുന്നത്. യാത്ര എന്നത് ഭൂമിശാസ്ത്രപരമായ സഞ്ചാരത്തിൽ നിന്ന് സാമൂഹികവും ധാർമ്മികവുമായ ആത്മപരിശോധനയായി മാറുന്നുണ്ട്.

മലയാളി അധ്യപകരെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ ആത്മവിമർശനപരമായ സമീപനത്തിന്റെ ഭാഗമാണ്. മറ്റൊരുരാജ്യത്ത് ഇവർ അനുഭവിക്കുന്ന ഏകാന്തത, നാട്ടുകാരുമായി ഭാഷാപരമായും സാംസ്കാരികമായും അകലം പാലിച്ചുകൊണ്ട് ജീവിക്കുവാനുള്ള പ്രവണത, ദ്സോങ്ക പഠിച്ച് ജനങ്ങളുമായി ആത്മബന്ധം സ്ഥാപിക്കുന്ന ജെയിംസിനെ പോലെയുള്ളവരുടെ സാമൂഹ്യാനുഭവങ്ങൾ എന്നിവ വിശദമായി തന്നെ വിവരിക്കുന്നതിലൂടെ ഭാഷാപരമായ ഇടപെടലിലൂടെയും പരസ്പര ബഹുമാനത്തിലൂടെയും മാത്രമേ രണ്ടു പ്രദേശങ്ങൾ തമ്മിലുള്ള യഥാർത്ഥ ബന്ധം സാധ്യമാകൂ എന്ന് ബോധ്യപ്പെടുത്തുന്നു.അന്യദേശത്തു ചെന്ന് നല്ലതും ചീത്തയുമായ പെരുമാറ്റങ്ങൾ നടത്തിയ മലയാളി അധ്യാപകസമൂഹത്തെക്കുറിച്ച് കൃതിയിൽ വിശദമായി വിവരിക്കുന്നുണ്ട്. മലയാളിസ്വത്വത്തെ തന്നെ ആത്മവിമർശനം നടത്താനുള്ള അവസരമായിട്ടാണ് ഈ വിവരണങ്ങൾ മാറുന്നത്.

**പരമ്പരാഗത ജീവിതവും ജനസമൂഹത്തിന്റെ പരിണാമവും**

ബുദ്ധമതവിശ്വാസികളുടെ രാജ്യം എന്ന നിലയിൽ വിലയിരുത്തപ്പെടുന്ന ഭൂട്ടാനിൽ മതപരിവർത്തനം സൃഷ്ടിച്ച ആഭ്യന്തര സാംസ്കാരിക സംഘർഷവും യാത്രികന്റെ നോട്ടത്തിൽ പതിയുന്നുണ്ട്. സാമുഹ്യപ്രവർത്തനത്തിന്റെ മറവിൽ പ്രത്യക്ഷപ്പെട്ട ഇന്ത്യൻ സന്നദ്ധ സംഘടനകളിലൂടെയാണ് ക്രിസ്തുമതം ആദ്യമായി ഭൂട്ടാനിൽ എത്തിയത്.മതപരിവർത്തനവുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങളും; രാഷ്ട്രീയവും സാമൂദായികവുമായ സംഘർഷങ്ങളും ഭൂട്ടാനിൽ നിലനിൽക്കുന്നുണ്ട്. ഭൂമിയിലെ അവസാനത്തെ ഏദൻ തോട്ടം എന്ന വിശേഷണം അന്വർത്ഥമാക്കുന്ന വന്യവശ്യത നിറഞ്ഞു നിൽക്കുന്ന രാജ്യത്തിന് ഏതോ കാലത്തെ സഞ്ചാരികൾ അ

റിഞ്ഞു നൽകിയ വിശേഷണമാണതെന്ന് യാത്രികൻ അംഗീകരിക്കുന്നു. മറ്റ് സംസ്കാരങ്ങളിൽ നിന്നകന്ന് തങ്ങളുടെ സംസ്കാരത്തെ മുറുകെപ്പിടിക്കാൻ ഭൂട്ടാൻ നടത്തുന്ന ശ്രമങ്ങൾ ഗോത്രസമാനമായ ഒരു പ്രാകൃത വിരക്തിയാണെന്നാണ് യാത്രികന് അനുഭവപ്പെടുന്നത്.അത്തരമൊരു അവസ്ഥയെ ഉൾക്കൊള്ളുന്നവർക്കു മാത്രമേ ആസൂത്രിതമായി നടത്തുന്ന മതാധിനിവേശങ്ങൾ ആസൂത്രിതമാണെന്ന് തോന്നാനിടയുള്ളൂ(165). ഏതൊരു സംസ്കാരത്തെയും അതിന്റെ ഭൗതികവും ആത്മീയവുമായ തലങ്ങളെ ഉൾക്കൊണ്ടുകൊണ്ട് അംഗീകരിക്കാനും ആദരിക്കാനുമുള്ള സൗഹാർദ്ദമനോനിലയിൽ നിന്നുകൊണ്ടാണ് യാത്രികൻ ഇത്തരമൊരു നിരീക്ഷണം നടത്തുന്നത്.

ഡ്രുക്പ കുൻലെയുടെ പ്രതീകമായ ഉദ്ധൃതലിംഗം ഭൂട്ടാനികളുടെ സ്വത്വപ്രതിനിധാനമാണ്. വീടുകളിലും മറ്റും വരച്ചു വെക്കുകയോ ശില്പങ്ങളായി സ്ഥാപിക്കുകയോ വിശ്വാസപ്രധാനമായ അലങ്കാരവസ്തുവായി സൂക്ഷിക്കുകയോ ചെയ്യുന്ന ഒന്നാണിത്.ഭൂട്ടാനിലൂടെയുള്ള യാത്രക്കിടയിൽ ജനസംസ്കാരപരിണാമത്തെ അടയാളപ്പെടുത്തുന്ന സ്വത്വചിഹ്നമായി ഇതിനെ നോക്കിക്കാണുന്നു.വർത്തമാനജീവിതാവസ്ഥയിൽ ഈ പ്രതീകം നഗരങ്ങളിൽ നിന്ന് അപ്രത്യക്ഷമാകുന്നതിന്റെ ആശങ്ക തദ്ദേശവാസികളായ സാംസ്കാരിക ചിന്തകരും പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ ആചാരപരമായ ആഘോഷങ്ങളിൽ പ്രത്യേകിച്ചും ത്സെച്ചു എന്ന വാർഷികാഘോഷത്തിൽ ഇന്നും പ്രധാന്യമുള്ള ഒന്നാണ് ലിംഗപ്രതീകം.പത്മസംഭവ, ഡ്രുക്പ കുൻലെ തുടങ്ങിയവരെക്കുറിച്ചുള്ള ഭ്രമാത്മകമായ കഥകൾ രാജ്യചരിത്രം എന്ന നിലയിൽ ഉൾക്കൊള്ളുന്ന ജനസമൂഹമാണ് ഭൂട്ടാനിലുള്ളത്.യാത്രികന്റെ നോട്ടത്തിൽ “മിത്തുകൾ ഭൂട്ടാനിൽ ഭൂതകാല സ്മൃതിയല്ല; വർത്തമാനം തന്നെയാണ്”(186). ബുംതാങിലെത്തിയപ്പോൾ യതി സാന്നിധ്യത്തെക്കുറിച്ചുള്ള പല കഥകളും കേൾക്കാനിടയായി. 1903 ൽ ഹ്യൂഗ് നൈറ്റിന്റെ വിരണത്തോടെ ശാസ്ത്രലോകം തന്നെ അന്വേഷിക്കുന്ന ഒന്നാണിത്.യുക്തിയുടെ കണ്ണിലൂടെ ഇത്തരം കഥകളെ വിശകലനം ചെയ്യാതെ വിശ്വാസത്തെ തനിമയോടെ പറയാൻ ശ്രമിക്കുന്നു. ഇവയെല്ലാം തന്നെ ഭൂട്ടാന്റെ സാസ്കാരികലോകത്തിന്റെ ഭാഗമായാണ് മനസ്സിലാക്കാൻ ശ്രമിക്കുന്നത്. താൻ അനുഭവിച്ചറിഞ്ഞ സംസ്കാരത്തെ അതിന്റെ ആന്തരിക യുക്തിയിലൂടെ മനസ്സിലാക്കാൻ ശ്രമിച്ചതുകൊണ്ടാണ് ഇങ്ങനെ അഭിപ്രായപ്പെടുന്നത്. താൻ പരിചയിച്ച ജനതയെ അപരവത്കരിക്കാതെ അവരുടെ സവിശേഷതകളെ വ്യക്തമാക്കാനുള്ള

ശ്രമമാണ് വിവരണങ്ങളിലുള്ളത്.

വിവിധകാലത്ത് ജീവിച്ച ലാമമാരാൽ നിർമ്മിക്കപ്പെട്ട നിധി ശേഖരങ്ങളും ചരിത്രവസ്തുക്കളുടെ സൂക്ഷിപ്പു കേന്ദ്രങ്ങളുമായി കരുതപ്പെടുന്ന ചോർട്ടനുകൾ ഭൂട്ടാനിൽ മിക്കയിടങ്ങളിലും കാണുന്ന ഒന്നാണ്. അവയെക്കുറിച്ച് പ്രചരിപ്പിട്ടുള്ള നിരവധി കഥകളിൽ വിശ്വസിക്കുന്ന ജനതയെ ആശങ്കയിലാഴ്ത്തിക്കൊണ്ട് ഇത്തരം സാംസ്കാരികമുദ്രകൾ കൊള്ളടയിക്കപ്പെടുന്നുമുണ്ട്. “ചോർട്ടനുകൾ തകർത്ത് അതിലെ നിധിശേഖരങ്ങളും പുരാവസ്തുക്കളും കൊള്ളയടിക്കുക എന്നത് അടുത്തകാലത്ത് തുടങ്ങിയ കുറ്റകൃത്യങ്ങളാണ്”(185). പൊതുവെ മോഷണവും കൊലപാതകവും കുറഞ്ഞ ഒരു പ്രദേശത്തിന്റെ സാംസ്കാരിക സ്വഭാവത്തിൽ വരുന്ന മാറ്റം പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു. ഇത്തരം കുറ്റവാളികളെ പിടിക്കാനുള്ള ശ്രമങ്ങളും നടക്കുന്നില്ല എന്ന് പത്രവാർത്തകളിൽ നിന്നു മനസ്സിലാക്കുന്നു.സാംസ്കാരികമായി പുരോഗമനപരമല്ലാത്ത പരിവർത്തനങ്ങൾ നടക്കുന്നു എന്നത് സൗഹൃദസന്ദർശകനായ യാത്രികനിലുണ്ടാക്കിയ ആശങ്ക രേഖപ്പെടുത്തുന്നുണ്ട്.

**അനുഭവിച്ചറിഞ്ഞ സാംസ്കാരികസംഘർഷം**

ഭാവന,സൂക്ഷ്മനിരീക്ഷണ പാടവം,ചടുലഭാഷണ സാമർത്ഥ്യം, അവതരണത്തിൽ നാടകീയത, ചരിത്രജ്ഞാനം എന്നിവയൊക്കെ ചേരുമ്പോഴാണ് ഒരു സഞ്ചാരകൃതി പാരായണക്ഷമതയാർജ്ജിക്കുന്നത് (ഡോ.കെ. എം. ജോർജ്, 1998:533). ഭൂട്ടാൻ എന്ന സാംസ്കാരിക ഇടത്തിന്റെ ഭൂതവും വർത്തമാനവും പറയുകയും ഭാവിയെക്കുറിച്ച് പ്രതീക്ഷയും ആശങ്കയും പ്രകടിപ്പിക്കുകയും ചെയ്തു എന്നതാണ് ഈ കൃതി നൽകുന്ന വായനാനുഭവം.

ഭൂട്ടാനിലെ സാഹിത്യം, സിനിമ തുടങ്ങിയ രംഗങ്ങളൊക്കെ ശൈശവദശ പിന്നിടുന്നതേയുള്ളൂവെങ്കിലും കാര്യഗൗരവത്തോടെ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുന്നവരുമായി പരിചയപ്പെടുന്നതിലും യാത്രികന്റെ ശ്രദ്ധ പതിഞ്ഞിരുന്നു.ഏതാണ്ട് ഒരു പതിറ്റാണ്ടു മാത്രം പ്രായമുള്ള ഭൂട്ടാൻ സിനിമയിലെ ക്യൻസ് നോർബു, നെറ്റൻ ചൊക്ചിങ, ഡോക്യുമെന്ററി സംവിധായികയായ ഡെച്ചൻ റോഡർ തുടങ്ങിയവരുടെ ലോകശ്രദ്ധ നേടിയ പ്രവർത്തനങ്ങളെക്കുറിച്ചും യാത്രികൻ മനസ്സിലാക്കുന്നു. അത്തരത്തിലുള്ള വ്യക്തികൾ ഇനിയും ഉയർന്നുവരും എന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. മൗണ്ടൻ എക്കോസ് എന്ന ചതുർദിന സാഹിത്യോത്സവത്തിൽ പങ്കെടുത്തത് സാംസ്കാരിക ഭൂമികയെ അടുത്തറിയാനുള്ള താത്പര്യത്തോടെയാണ്. പത്രമാധ്യമം, സാഹിത്യം, വാർത്താവിതരണം,

സിനിമ തുടങ്ങിയ പുതുലോകസാധ്യതകൾ പല പ്രതിസന്ധികളെയും അതിജീവിച്ച് പുരോഗതിയിലേക്ക് നയിക്കപ്പെടും എന്ന പ്രതീക്ഷ വിവരണങ്ങളിൽ പ്രകടമാണ്. സിനിമ, സാഹിത്യം, വാർത്താവിനിമയ മാധ്യമങ്ങൾ തുടങ്ങിയവ അഴിമതിക്കെതിരെ ശബ്ദമുയർത്താനും വ്യക്തിസ്വാതന്ത്ര്യത്തിനും സാമൂഹ്യനന്മയ്ക്കും വേണ്ടി നിലയുറപ്പിക്കാനുള്ള തീവ്രശ്രമം നടത്തുന്നുണ്ടെങ്കിലും വെല്ലുവിളികൾ പലതാണ്. സ്വകാര്യ പരസ്യങ്ങൾ സ്വീകരിക്കാൻ നിയമമനുവദിക്കാത്തതും രാജകീയ ജനാധിപത്യത്തിന്റെ സൂക്ഷ്മനിരീക്ഷണങ്ങളും നിലനിൽക്കുന്ന ഒരു രാജ്യത്തെ പത്രമാധ്യമങ്ങളുടെ ഭാവിയെക്കുറിച്ച് യാത്രികൻ ആശങ്കപ്പെടുന്നുണ്ട്. എന്നാൽ ഈ സാഹചര്യങ്ങളൊക്കെ നിലനിൽക്കുമ്പോഴും തങ്ങളുടെ പ്രവർത്തനമേഖലയെക്കുറിച്ച് നിരുത്സാഹപ്പെടുന്നവരല്ല(78) അവിടെയുള്ള മാധ്യമപ്രവർത്തകർ എന്നത് പ്രതീക്ഷയ്ക്ക് വകനൽകുന്നു.

പ്രകൃതി സംരക്ഷണത്തിന് ഊന്നൽ നൽകുന്ന രാജ്യം വൻകിട വ്യവസായത്തിനോ അമിത ടൂറിസത്തിനോ പ്രോത്സാഹനം നൽകുന്നില്ല. എങ്കിലും മരംമുറി,വന്യജീവി വേട്ട, ഉപേക്ഷിക്കപ്പെടുന്ന അനാഥശിശുക്കളുടെ എണ്ണത്തിലുള്ള വർധന, അക്രമിക്കപ്പെടുന്ന ചോർട്ടനുകൾ എന്നിങ്ങനെ പ്രതിലോമകരമായവ സംഭവിച്ചുകൊണ്ടിരിക്കുന്നു. "ഭൂട്ടാനിലെ സാമൂഹികാസമത്വങ്ങളിലും ഗ്രാമങ്ങളിലെ ഫ്യൂഡൽ വ്യവസ്ഥയിലും പാവപ്പെട്ടവരുടെ ജീവിതാവസ്ഥകളിലും അസ്വസ്ഥനായ കർമയെ പോലുള്ള ഉത്പതിഷ്ണുക്കളായ യുവാക്കളെ മൂന്നാഴ്ചയോളം നീണ്ട ഭൂട്ടാൻ യാത്രയ്ക്കിടെ വേറെ കാണാനായില്ലെന്നതാണ് നേര്. സ്വകാര്യ സംഭാഷണങ്ങളിൽ പോലും ഒരു സെൻസർഷിപ്പിനു സ്വയം നിർബന്ധിക്കപ്പെട്ടതുപോലെ അടക്കിപ്പിടിച്ചു സംസാരിക്കുന്നവരാണ് അവിടെ പരിചയിക്കാനും ഇടപഴകാനും ഇടയായ വിദ്യാസമ്പന്നർ പോലും.വിയോജിക്കുവാനുള്ള സ്വാതന്ത്ര്യമില്ലാത്ത ഇടങ്ങൾ ഭൂമിയിൽ ഇനിയും അവശേഷിക്കുന്നുണ്ടെങ്കിലും അത്തരമിടങ്ങളിലെത്തുന്നവർ പോലും അതു കാണുന്നില്ലെന്ന കർമയുടെ ആത്മഗതം, പുറത്ത് മലകളിലും മരത്തിലും കാറ്റുവീശിയടിക്കുന്ന ആ രാത്രിയിൽ അന്യരാജ്യക്കാരനായ എന്നെയും എന്തിനോ അസ്വസ്ഥനാക്കി. ജനാധിപത്യമെന്ന മഹാസങ്കല്പം യാഥാർത്ഥ്യമായി കാണാനാഗ്രഹിക്കുന്ന ഒരു ശരാശരി ഭൂട്ടാൻപൗരന്റെ നിസ്സഹായതയാണ് സഹൃദയനായ ആ യുവാവിന്റെ വാക്കുകളിലൂടെ എനിക്ക് വെളിപ്പെട്ടത്.ഭൂട്ടാന്റെ പ്രകൃതി ഭംഗിയാസ്വദിക്കാനെത്തുന്നവർ കാണാതെ പോകുന്ന ഒട്ടും ഭംഗിയില്ലാത്ത അതിസങ്കീർണവും സങ്കടകരവുമായ ഒരു

യാഥാർത്ഥ്യം. ആഭ്യന്തര സംഘർഷങ്ങളില്ലാത്ത ദക്ഷിണേഷ്യയിലെ ഏകരാജ്യം എന്ന് ഭൂട്ടാനെ വിശേഷിപ്പിക്കാറുണ്ട്. അവസാനത്തെ ബുദ്ധിസ്റ്റ് കിങ്ഡം എന്നുകൂടി വിശേഷിക്കപ്പെടുന്ന ഭൂട്ടാനെ അന്താരാഷ്ട്രസമൂഹം വിലയിരുത്താറുള്ളതെങ്കിലും അത് ഒരർദ്ധസത്യം മാത്രമാണ്"(222), "ഭൂട്ടാനിലെ രാജകീയ ജനാധിപത്യത്തിലെ ഏറ്റവും വലിയ തിന്മയായി എനിക്ക് തോന്നിയത് അതിന്റെ വംശീയ വിവേചനമാണ്"(222), "ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റി പ്രസ് പ്രസിദ്ധീകരിച്ച *Unbecoming Citizens* (മൈക്കൽ ഹൂട്ട്) എന്ന പുസ്തകത്തിൽ മനുഷ്യസ്നേഹികളെ ഞെട്ടിക്കുന്ന വിവരങ്ങളാണുള്ളത്. ജി. ബാലചന്ദ്രന്റെ നോവലിലും (*ഉറുമ്പുകൾ*) വംശീയ വിദ്വേഷവും ഭരണകൂടാതിക്രമണവുമാണ് ചർച്ച ചെയ്യുന്നത്"(223) ഈ വിലയിരുത്തലുക്കളല്ലാം പ്രതിഫലിത കാഴ്ച്ചയാണ്. ദേശീയ വസ്ത്രധാരണരീതി നടപ്പിലാക്കിയതിലൂടെയും ലൊട്ഷാംപ (കുടിയേറ്റക്കാരായ നേപ്പാളികൾ) കളുടെ പൗരത്വത്തെച്ചൊല്ലിയുള്ള നിയമനടപടികളും ഭൂട്ടാനിൽ താമസിക്കുന്ന നേപ്പാളികളെ രണ്ടാംകിട പൗരന്മാരായി മാത്രം കണക്കാക്കുന്നതും ദുസ്സഹമായ അനുഭവമായാണ് യാത്രികൻ അവതരിപ്പിക്കുന്നത്.

"ചിത്രപുസ്തകത്തിലെ വശ്യമനോഹരമായ സ്വപ്നലോകം പോലെ ആകർഷകമായ ഭൂട്ടാനിൽ എന്നെ അസ്വസ്ഥനാക്കിയത് നിസ്സഹായരായ ആ മനുഷ്യരുടെ നിശ്ശബ്ദസഹനമാണ്. ഇടപഴകാനിടയായ പ്രശസ്തരും അപ്രശസ്തരുമായ നേപ്പാളികളുടെ വീർപ്പുമുട്ടൽ, മറ്റൊരു രാജ്യത്തിരുന്ന് ഇതെഴുതുമ്പോഴും എന്നെ സങ്കടത്തിലാഴ്ത്തുന്നു. അവരുടെ പേരെഴുതുന്നതു പോലും അപായകരവും.ഒരു തുറന്ന ജയിലെന്നപോലെ അസ്വതന്ത്രരാണവർ"(224)- *ഭൂട്ടാൻ ദിനങ്ങൾ* എന്ന കൃതി പ്രതിഫലിപ്പിക്കുന്ന ഭൂട്ടാനാണിത്. ബുദ്ധിസത്തിന്റെ തത്വങ്ങൾ പലതും അപ്രസക്തമായ ഒരിടമായാണ് ഭൂട്ടാനെ അവതരിപ്പിക്കുന്നത്. ഈ പ്രതിഫലിത കാഴ്ചകളോരോന്നും ഭൂട്ടാന്റെ സാംസ്കാരിക പരിണാമത്തിന്റെ സങ്കീർണ്ണതയെയാണ് സൂചിപ്പിക്കുന്നത്. വികസനത്തിന്റെ മാത്രം വക്താവാകുകയോ പാരമ്പര്യത്തെ പൂർണ്ണമായും നിരാകരിക്കുകയോ ചെയ്യാതെ വികസനം സൃഷ്ടിക്കുന്ന സാംസ്കാരിക പരിണാമത്തെക്കുറിച്ചുള്ള വിമർശനാത്മക ജാഗ്രതയാണ് യാത്രികൻ പ്രകടിപ്പിക്കുന്നത്.

**ഉപസംഹാരം**

യാത്രയെഴുത്ത് എന്നത് മറ്റൊരു പ്രദേശത്ത് ജനതയെ കണ്ടെത്താനുള്ളതു മാത്രമല്ല. അത് അവനവനെ തിരിച്ചറിയാനുള്ള

യാത്ര കൂടിയാണ്. താൻ ഉൾപ്പെടുന്ന സാംസ്കാരിക തലത്തെയും താൻ അനുഭവിച്ചറിഞ്ഞ സാംസ്കാരിക തലത്തെയും താരതമ്യപ്പെടുത്തുകയോ വിമർശനാത്മകമായി വിശകലനം ചെയ്യുകയോ ചെയ്യുമ്പോഴാണ് യാത്രയെഴുത്ത് പൂർണ്ണതയിലെത്തുന്നത്. പ്രതീക്ഷിത കാഴ്ചയും അനുഭവത്തിലൂടെയുണ്ടായ തിരിച്ചറിവുകളും പുതിയ അവബോധത്തിന്റെ പ്രതിഫലനമായ യാത്രയെഴുത്തും *ഭൂട്ടാൻ ദിനങ്ങൾ* എന്ന കൃതിയെ സവിശേഷമാക്കുന്നു. കാഴ്ച, കേൾവി, സ്പർശം തുടങ്ങിയ ഇന്ദ്രിയങ്ങളിലൂടെയും സാംസ്കാരിക നോട്ടത്തിലൂടെയും അനുഭവിച്ച ഭൂട്ടാനെയാണ് ഈ യാത്രയെഴുത്തിൽ പ്രതിഫലിപ്പിച്ചത്.

സംസ്കാരം, ഭൂപ്രകൃതി തുടങ്ങിയവ കൊണ്ട് സവിശേഷ ശ്രദ്ധയാകർഷിക്കുന്ന ഭൂട്ടാനിലെ സാധാരണ മനുഷ്യരെ കേന്ദ്രീകരിച്ചാണ് ഒ.കെ. ജോണിയുടെ എഴുത്ത്. തീർത്തും ബഹിഷ്കൃതരായി ജീവിക്കേണ്ടിവരുന്നവരെ നോക്കിക്കാണുകയും അവരെ ഓർത്തെടുത്ത് പ്രതിഫലിത നോട്ടമായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭൂട്ടാൻ അതിന്റെ പാരമ്പര്യം കൊണ്ടും ജീവിതരീതി കൊണ്ടും രാഷ്ട്രീയഘടന കൊണ്ടും സവിശേഷമായി നിലനിൽക്കുമ്പോൾ തന്നെ മനുഷ്യരുടെ ജീവിതയാതനകളെ വേണ്ടത്ര പരിഗണിക്കുന്നില്ല എന്ന യാഥാർത്ഥ്യം വായനക്കാരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു.തന്റെ ജന്മദേശമായ വയനാട്ടിലായാലും ഇന്ത്യയിലായാലും ഭൂട്ടാനിലായാലും സാമൂഹ്യപദവി കൊണ്ടും സമ്പത്തുകൊണ്ടും പിന്നോക്കം നിൽക്കുന്ന ജനതയുടെ ജീവിതം ദുരിത പൂർണ്ണമാണ്. സത്യവും സമത്വവും സ്വാതന്ത്ര്യവും സഹിഷ്ണുതയും കൈമോശം വന്നു കൊണ്ടിരിക്കുന്നു എന്നതാണ് ഏക ബുദ്ധിസ്റ്റ് രാജ്യത്തിന്റെ നിലവിലെ അവസ്ഥ എന്നതാണ് യാത്രയെഴുത്തിലൂടെ പറഞ്ഞു വെക്കുന്നത്. ഒരു ടൂറിസ്റ്റിന്റെയോ, പ്രകൃത്യുപാസകന്റെയോ നോട്ടത്തിനുപരി മനുഷ്യാനുഭവങ്ങുടെ സാർവ്വലൗകികതയെ വിമർശനാത്മകമായി വിലയിരുത്തുന്ന കൃതിയാണ് *ഭൂട്ടാൻ ദിനങ്ങൾ.* ഭൂട്ടാൻ അനുഭവങ്ങളിലൂടെ വയനാട്ടിലെ ജനജീവിതത്തെയും പുനർവായിക്കുന്നു. യാത്രികൻ മുൻധാരണകളോടെ യാത്രയാരംഭിക്കുകയും വ്യത്യസ്ത അനുഭവങ്ങളിലൂടെ അത് പരിഷ്ക്കരിക്കപ്പെടുകയും ചെയ്യുന്നു. ആ അനുഭവങ്ങൾ സ്വന്തം സമൂഹത്തെയും സ്വബോധത്തെയും വിമർശനാത്മകമായി പുനർവായിക്കാനുള്ള പ്രേരണയായി മാറുന്നു. ഭൂമിശാസ്ത്രപരമായ സഞ്ചാരം എന്നതിലുപരി ബോധത്തിന്റെ വിപുലീകരണത്തിലൂടെ ജനതയെ; അവരുടെ സംസ്കാരത്തെ അറിയാനും വിലയിരുത്താനുമുള്ള ശ്രമം നിലനിർ

ത്തിയ യാത്രയെഴുത്തായി ഒ.കെ. ജോണിയുടെ *ഭൂട്ടാൻ ദിനങ്ങൾ* എന്ന കൃതി നിലകൊള്ളുന്നു. ഭൂട്ടാനെ കാണാൻ ശ്രമിച്ചതിലൂടെ സ്വന്തം സമൂഹത്തെയും സ്വന്തം സംസ്കാരത്തെയും സ്വന്തം ബോധത്തെയും പുതിയ വെളിച്ചത്തിൽ കാണാനുള്ള ശ്രമമാണ് കൃതിയിലെ പ്രതിഫലിത നോട്ടമായി കണ്ടെത്താനാവുന്നത്. ഭൂട്ടാൻ എന്നത് സ്വർഗ്ഗമോ ദുരിതഭൂമിയോ അല്ല; വൈരുദ്ധ്യങ്ങൾ നിറഞ്ഞ സാമൂഹ്യയാഥാർത്ഥ്യമാണ് എന്ന് വിലയിരുത്തപ്പെടുന്നു.

**സഹായഗ്രന്ഥങ്ങൾ**


അജു കെ. നാരായണൻ (എ.ഡി). (2017) *താക്കോൽ വാക്കുകൾ വിചാര മാതൃകകൾ കേരളീയ നോട്ടങ്ങൾ.*ആലുവ: വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണ കേന്ദ്രം. മലയാള വിഭാഗം, യു.സി. കോളേജ്.

ജോണി ഒ.കെ. (2019). *ഭൂട്ടാൻ ദിനങ്ങൾ.*കോഴിക്കോട്:മാതൃഭൂമി ബുക്സ്.

ജോർജ് കെ.എം.(എ.ഡി). (1988). *ആധുനികമലയാള സാഹിത്യ ചരിതം പ്രസ്ഥാനങ്ങളിലൂടെ.* കോട്ടയം: ഡി.സി. ബുക്സ്

തങ്കച്ചൻ.കെ.ജെ.(2016).*യാത്രികം ചരിത്രവും ദർശനവും സന്നാഹവും സഞ്ചാരവും.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം

രജനി.എൻ. (ഡോ.)(എഡി.).(2020). *സാഹിത്യവും സാംസ്കാരിക ഭൂമിശാസ്ത്രവും.* കോഴിക്കോട്: ഇൻസൈറ്റ് പബ്ലിക്ക.

സവിത.ഇ.(എഡി.).(2017). *യാത്ര അനുഭവം ആഖ്യാനം സംസ്കാരം വിപണനം.* പയ്യന്നൂർ: പുസ്തകഭവൻ.

ഹക്കീം എ.കെ.(ഡോ).(2022). *ആഫ്രിക്കൻ യാത്രകളുടെ സാംസ്കാരിക ദൂരങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

Eric Prieto (2012). *Literature, Geography, and the Postmodern Poetics of Place*, Newyork: 9 Palgrave, Macmillan

Hendrie Lefebvre (1991). *The Production of Space*, USA: Black Well Publishing.

John Urry, Jonas Larsen. (2011).*The Tourist Gaze Edition 3* London: Sage Publication Limited.

Ricoeur Paul.(1984). *Time and Narrative Vol 1.* Chicago: Universit of Chicago Press.



**Dr Ajitha Chemban**

Professor

Department.of Malayalam

Government Brennen college

Thalassery

Pin: 670106

Email: 1973ajitha@gmail.com

Ph: +91 9995566803

ORCiD: 0000-0002-2247-7411